CHURCH WEEKLY

June 2021

An Ecumenical Publication from

THE ALWAYE FELLOWSHIP HOUSE

Church Weekly

Vol. 75
Issue 6
June 2021

An Ecumenical Publication from
THE ALWAYE FELLOWSHIP HOUSE

75th Year of Publication
FOUNDER CHIEF EDITOR : Sri. N.M. ABRAHAM
First Published : December 1946

Sri K.C. Chacko
Founder of the Church Weekly
(1946)



CHURCH WEEKLY
C/o The Alwaye Fellowship House
Union Christian College P.O.
Alwaye - 683 102,
Kerala, South India.
Ph : 0484-2605630, 2606986

E-mail : churchweeklyafh@gmail.com
fellowshiphse@gmail.com
Chief Editor : mgk.afh@gmail.com
Website
www.alwayefellowshiphouse.com

SUBSCRIPTION RATES

	Inside India
Single Issue	₹ 15.00
Annual	₹ 120.00
10 years	₹ 1,000.00
Life (Patron)	₹ 10,000.00
	Outside India
Annual	USD 10
10 years	USD 100
Life (Patron)	USD 1,000

Bank of India - UC College Branch
A/c No. : 856610100002771
AFH - Church Weekly
IFS Code : BKID 0008566

- *Articles, Advertisements and Letters may be sent to the Chief Editor. Photos and matrimonial requests are also welcome. (Full page Rs.1000, Half page Rs.500)*
- *All correspondence regarding subscription enquiries may be sent to the Circulation Manager.*

Read... Subscribe... Recommend...

മഹദ്‌വചനം

"Speak only that which will bring you honour."

Guru Nanak



ഈ ലക്കത്തിൽ

Old is Gold

James Reid D. D.

In Face of Suffering

In one way or another and sooner or later we have to suffer. It may come in physical pain or sickness or in what may be much harder to bear, the heart-ache or sorrow or the mental suffering that comes out of sympathy for those we love. If we have never experienced mental suffering it can only mean that we know very little of love. For love always brings suffering. It is in the very nature of it.

Obituary



Mrs. Annamma Koshy (78)
(Wife of Mr. P.V. Koshy)
Apt. No. 11, Chacko Homes
Alwaye Fellowship House
called to eternal rest on 09.5.2021.

Suffering prompts the question, Why? Why do I suffer? Why is there so much suffering in the world? The only problem of suffering that Christ was interested in was the practical aspect of how to meet it, and how to win out of it the good that may be in it. His desire was to know what God wanted Him to do about it. That is clear from His curt reply to His disciples' question: "Who did sin, this man or his parents, that he was born blind?" - "Neither, but that the works of God might be made manifest in him." The disciples were concerned about the blindness which had to be cured; but his suffering, as well as ours, is there that we may face it in the right way, that is to seek God's purpose in it and thereby to enable Him to transform it so that it may shape our life or equip us for service.

This is the only way to face suffering. Our problem is not how to explain it, but how to meet it in the right way and find an explanation. The problem of suffering is one that cannot be thought out without being also lived out.

Of all men, Christ had the most right to speak about suffering, and so we are bound to listen to Him. He knew suffering at the most poignant level in every known form; He had known bitter disappointment, unpopularity, misunderstanding, disloyalty of friends, as well as pain that comes through the vital sympathy in which He

(Continued on page 33)

• മുഖമൊഴി •

സഭയും രാഷ്ട്രീയവും - 2021

കേരളത്തിൽ പുതിയ മന്ത്രിസഭ ചാർജെടുത്തിരിക്കുന്നു. ഇടതുപക്ഷത്തിന് വിജയമൊരുക്കി ഭരണത്തുടർച്ച നൽകിയ നിയമസഭാ തെരഞ്ഞെടുപ്പിന്റെ ഫലം സീറ്റുകളുടെ എണ്ണത്തിൽ മിക്ക പ്രവചനങ്ങളെയും കടത്തിവെട്ടി. മുൻമന്ത്രിസഭയുടെ അവസാന പാദത്തിൽ ഉടലെടുത്ത ആരോപണങ്ങളും സ്വജനപക്ഷപാതവും കേസുകളുമെല്ലാം ഭരണത്തിളക്കം കുറച്ചുവെന്നത് ഒരു യാഥാർത്ഥ്യമാണ്; പ്രളയവും നിപ്പായും കൊറോണയും കനത്ത വെല്ലുവിളികളും ഉയർത്തി. നാലുവർഷം ഉറങ്ങിക്കിടന്ന പ്രതിപക്ഷം തദ്ദേശതെരഞ്ഞെടുപ്പു മുതൽ സടകുടഞ്ഞെണീറ്റു. കലങ്ങിമറിഞ്ഞ അഥവാ കലക്കിമറിച്ച അന്തരീക്ഷത്തിൽ ഇത്തവണ വിജയം തങ്ങളുടെ കൈപ്പിടിയിലെന്ന് അവർ വിചാരിച്ചു. ഒന്നുമല്ലെങ്കിലും അയ്യഞ്ചുവർഷം കൂടുമ്പോൾ ഭരിക്കുന്നവർ ഒന്നു മാറിത്തരുമെന്നു കരുതി... പക്ഷേ ഭരണവൈകല്യങ്ങളുടെ പത്മവ്യൂഹത്തിൽ നിന്നും അഭൂതപൂർവ്വമായ വിജയം നേടി ഇടതുപക്ഷം ചരിത്രം രചിച്ചു.

ഈ വിജയത്തിന് ഒരു പ്രധാനകാരണം, **ഇടതുപക്ഷത്ത് സുദൃഢവും സുശക്തവുമായ നേതൃത്വം ഉണ്ടായിരുന്നു** എന്നതാണ്. ശരിയിലും തെറ്റിലും ഉറച്ചുനിന്ന്, അപ്രിയസത്യങ്ങളെ അണികളുടെ കണ്ണിൽനിന്നും വിദഗ്ദ്ധമായി മറച്ചുപിടിച്ച്, അടിസ്ഥാനപാർട്ടിസ്നേഹവും അഭ്യുദയകാംക്ഷികളുടെ അനുഭാവവും വോട്ടാക്കി മാറ്റുന്നതിൽ ഇടതുപക്ഷം വിജയിച്ചു. എന്നാൽ **വലതുപക്ഷത്തെ സംബന്ധിച്ചിടത്തോളം നേതൃത്വത്തിലെ അസ്ഥിരത** കേന്ദ്രത്തിലും കേരളത്തിലും വിനയായി. അത് അവരുടെ വിശ്വാസ്യതയെ സാരമായി ബാധിച്ചിരിക്കുന്നുവെന്ന് അവർ മാത്രം തിരിച്ചറിഞ്ഞില്ല. ഉറച്ച നേതൃത്വത്തെക്കാൾ രാഷ്ട്രീയനീക്കുപോക്കുകൾക്കാണ് വലതുപക്ഷത്ത് പ്രാധാന്യം! ആരാണ് മുഖ്യമന്ത്രി എന്നുപോലും സംശയിച്ചുപോകുന്ന ചില സാഹചര്യങ്ങൾ വലതുഭരണത്തിൽ ഉണ്ടായിട്ടുണ്ട്. അതുകൊണ്ടുതന്നെ സുവ്യക്തമായ ബലഹീനതകളെയും സാമ്പത്തിക തിരിമറികളെയും കണ്ടറിഞ്ഞിട്ടും കേരളജനത ഇടതുപക്ഷത്തെ വീണ്ടും ഭരണത്തിലേറ്റി.

പരാജയത്തിൽനിന്നു പാഠം പഠിക്കുമെന്ന് കോൺഗ്രസ് പാർട്ടി പലയാവർത്തി പറഞ്ഞിട്ടുണ്ടെങ്കിലും അതിനുള്ള സിലബസ് ശരിയായിട്ടില്ല; ഓൺലൈൻ ക്ലാസ്സുകൾ തുടങ്ങിയിട്ടുമില്ല. കേരളത്തിലും കേന്ദ്രത്തിലും 'നേതാക്കന്മാർ' ധാരാളം ഉണ്ടെങ്കിലും അവർക്കൊരു നേതാവില്ല എന്നത് തികഞ്ഞ ബലഹീനതയാണ്. (വെള്ളം വെള്ളം സർവ്വത്ര...) നെഹ്റു, ഗാന്ധി നാമങ്ങളുടെ മാസ്മരിക ശക്തിക്ക് ഒരു പരിധിയുണ്ട്! വാസ്തവത്തിൽ അതിന്റെ കാലം കഴിഞ്ഞു. അക്ബറിന്റെ കാലമല്ലല്ലോ ഔറംഗസേബിന്റേത്! കേരളത്തിലും "പാണ്ടൻനായുടെ പല്ലിൻ ശൗര്യം പണ്ടേപ്പോലെ ഫലിക്കുന്നില്ല." അടുത്ത സഖ്യകക്ഷി, നേതാക്കന്മാരുടെ ആധിക്യം കൊണ്ട് പിളർന്നു പിളർന്നു വശംകെട്ട ഒരു പാർട്ടിയാണ്. ഒരു കാലത്ത് ഭരണചക്രം (പിന്നിൽ നിന്ന്) തിരിക്കാൻ കഴിവുണ്ടായിരുന്ന പാർട്ടി കാലുമാറി ചവിട്ടിയിട്ടും ഇന്നൊരു മന്ത്രിസ്ഥാനത്തിനു വേണ്ടി ദാഹിക്കുകയാണ്. മറ്റൊരു പ്രമുഖ പാർട്ടി മതത്തിന്റെയും ന്യൂനപക്ഷത്തിന്റെയും പേരിൽ വോട്ട് നേടി പിടിച്ചുനിൽക്കാൻ പരിശ്രമിക്കുന്നു. ഉൾപ്പാർട്ടി ഭിന്നതകളുടെ ആധിക്യത്തിൽ വലതിന് ഭരണവുമില്ല; ഭരണനേട്ടങ്ങളുമില്ല! (ഒരു പട്ടണമോ ഗൃഹമോ തന്നിൽത്തന്നെ ഛിദ്രിച്ചു എങ്കിൽ നിലനിൽക്കയില്ല... - മത്തായി 12:26) തെരഞ്ഞെടുപ്പടുത്തുവന്നപ്പോൾ കുറെ ചൂടൻ ആരോപണങ്ങളുടെ മാറാപ്പഴിച്ച് നമുക്കു വായിച്ചു രസിക്കുവാൻ കുറെ പത്രവാർത്തകൾ തന്നുവെന്നതിനപ്പുറം അവർക്കൊന്നും കഴിഞ്ഞില്ല. പക്ഷേ, ആശ്വസിക്കുവാൻ വകയുണ്ട്... **വലതുപക്ഷത്ത് വിജയികളുടെ സംഖ്യ കുറവെങ്കിലും വോട്ടുശതമാനം ഇപ്പോഴും തരക്കേടില്ല.** അതുകൊണ്ട് ഒരു നല്ല പ്രതിപക്ഷമായി പ്രവർത്തിച്ചു വിജയിച്ചാൽ അടുത്ത തെരഞ്ഞെടുപ്പിൽ അവർക്കും സൂര്യനുദിച്ചേക്കാം! അതല്ല, വീണ്ടും ഉറങ്ങിയിട്ട്, അഞ്ചുവർഷം കഴിഞ്ഞ് ഉണരാനാണ് ഭാവമെങ്കിൽ, സംഭവാമി യുഗേ യുഗേ...

2021-ന്റെ ഒരു സങ്കടമാണ് മലങ്കരസഭ. 2010-ൽ ഉദയസൂര്യനെപ്പോലെ അധികാരത്തിലേറിയ പരിശുദ്ധ കാതോലിക്കാബാവാ ചികിത്സയിലാണ്; നാം തിരുമേനിക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കണം. ഇന്നും അത്യാവശ്യസന്ദർഭങ്ങളിൽ ഉറച്ച തീരുമാനം എടുക്കുവാൻ അദ്ദേഹം ശക്തനാണ് എന്ന് സമീപകാലസംഭവങ്ങൾ തെളിയിക്കുന്നു.

വലതുപക്ഷത്തെ മുഖ്യമന്ത്രിസ്ഥാനമോഹികളെപ്പോലെ ഒരേയൊരു നിയുക്ത കാതാലിക്കാ സ്ഥാനത്തിനുവേണ്ടി ഒന്നിലധികം മെത്രാപ്പോലീത്താമാർ രംഗത്തുണ്ട്; സ്വാഭാവികം! **എല്ലാവരുടെയും ലക്ഷ്യം കാതോലിക്കാസിംഹാസനം തന്നെ!** പലർക്കും പിൻബലം ദൈവമല്ല, ഗുണ്ടാസംഘങ്ങളും ഫാൻസ് അസോസിയേഷനുകളുമാണ്! സിനഡിൽ ഐകകണ്ഠ്യേനയുള്ള ഒരു തീരുമാനം ഇപ്പോൾ സാദ്ധ്യമാണെന്നു തോന്നുന്നില്ല. താക്കോൽസ്ഥാനത്തു നിൽക്കേണ്ട വർക്കിംഗ് കമ്മിറ്റി കടലാസിൽ മാത്രം! മുൻ മാനേജിംഗ് കമ്മിറ്റിയംഗങ്ങളെ 'ഉണ്ടുതിന്നു പിരിയുന്നവർ' എന്നാക്ഷേപിച്ച്, കൂടുതൽ യുവരക്തം കുത്തിനിറച്ച് രംഗത്തുവന്ന പുതിയ മാനേജിംഗ് കമ്മിറ്റിക്ക് ഉണ്ണാനുള്ള ഭാഗ്യം പോലും അന്യമായിരിക്കുന്നു. സിനഡ്, വർക്കിംഗ് കമ്മിറ്റി, മാനേജിംഗ് കമ്മിറ്റി എന്നിവിടങ്ങളിൽ നിന്ന് ഇതല്ല ഭക്തജനം പ്രതീക്ഷിക്കുന്നത്. നാളത്തെ സഭ?... **വിശ്വാസികളുടെ പ്രാർത്ഥനാപൂർണ്ണമായ ഇടപെടലില്ലെങ്കിൽ നമ്മുടെ യാത്ര ഒരു ഇരുണ്ട യുഗത്തിലേക്കാണ്!!**

തലമുറകളുടെ ശാപമായിരുന്ന സഭാകേസുകൾക്ക് മൂന്നാം തവണയും ഉറച്ച പരിഹാരം നൽകുവാൻ ഭാരതത്തിലെ നിയമവ്യവസ്ഥ പരമാവധി ശ്രദ്ധിച്ചിട്ടുണ്ടെങ്കിലും വിധിന്യായം വെള്ളം ചേർക്കാതെ വായിച്ചു നടപ്പിലാക്കുവാൻ താൽപര്യമുള്ള നേതാക്കന്മാർ ഇരുപക്ഷത്തും ഇല്ലാതെ പോയതുകൊണ്ട് ആത്യന്തികമായ സമാധാനം ഇന്നും അകലെയാണ്. **കോടതിക്കേസുകൾ ലോകാവസാനം വരെ നീട്ടണമെന്നല്ലാതെ അതിനൊരവസാനം വേണമെന്ന് കേസ് നടത്തിയ നേതാക്കന്മാർ ആഗ്രഹിക്കുന്നില്ലെന്നു വ്യക്തം!** കുരുടൻ കുരുടനെ വഴി കാണിക്കുന്ന കാലം! സ്വന്തം കണ്ണിൽ കോലിരിക്കെ അന്യന്റെ (അനിയന്റെയും) കണ്ണിലെ കരടെടുക്കുവാൻ ഓടിനടക്കുന്നവർ!!! ദൈവത്തെ സ്നേഹിക്കണമെങ്കിൽ സഹോദരനെ സ്നേഹിക്കണമെന്നൊരു പഴഞ്ചൊല്ലുണ്ട്. ദൈവത്തെ സ്നേഹിക്കാൻ എളുപ്പമാണ്; നാം അങ്ങനെ പറഞ്ഞാൽ മതിയല്ലോ. പക്ഷേ, സഹോദരനെയായാൽ സ്നേഹിച്ചു കാണിക്കണം. അവിടെയാണ് പ്രശ്നം! **ചരിത്രത്തിന്റെ നാൾവഴികളിലൂടെ നമ്മെ പിന്നോട്ടടിക്കുന്നവരാണ് ഇന്നത്തെ നേതാക്കന്മാർ. അവർക്കൊക്കെ കണക്കുകൾ ഒരുപാട് തീർക്കാനുണ്ട്.** സഭാനേതാക്കന്മാരിൽ ഡോക്ടറേറ്റ് ഉള്ളവർ അനേകരുണ്ട്; പക്ഷേ, നോട്ടീസിൽ അച്ചടിക്കാനും പ്രസംഗിക്കാനുമല്ലാതെ പ്രായോഗികമായി എന്തു ഗുണം? ഇവരുടെ വിദ്യാഭ്യാസത്തിൽ വിവേകത്തിന്റെ അൽപ്പം മേമ്പൊടിയുണ്ടായിരുന്നുവെങ്കിൽ സമാധാനം പണ്ടേ ഉണ്ടാകുമായിരുന്നു. വിവിധ സെമിനാരികളിൽ പഠിച്ചതും പഠിപ്പിച്ചതും വെറുപ്പിന്റെയും വയറ്റിപ്പിഴപ്പിന്റെയും ദൈവശാസ്ത്രമാണ്; ആത്മദാഹമുള്ളവർക്ക് ഒഴിച്ചുകൊടുക്കാനുള്ള പ്രസംഗത്തിന്റെ പാചകക്കുറിപ്പ്! **സീനിയർ വൈദികർ സാഹചര്യങ്ങളോട് സമരസപ്പെടേണ്ട ഗതികേടിലാണെങ്കിലും യുവവൈദികരിൽ ചിലർ ദൈവഭയത്തിലും ദൈവനടത്തിപ്പിലും കഴിയാൻ പരിശ്രമിക്കുന്നു എന്നത് സഭയിൽ പ്രത്യാശയുടെ തിരിനാളം കെടാതെ സൂക്ഷിക്കുന്നു.**

ദൈവം വിശുദ്ധരാക്കിയവരുടെ ഒരു കാലം ഉണ്ടായിരുന്നു. പരുമല തിരുമേനി, കല്ലാച്ചേരി ബാവാ, പാമ്പാടി തിരുമേനി... എന്നിങ്ങനെ ദീർഘായുഷ്മാനായി ഇപ്പോൾ നമ്മെ വിട്ടുപിരിഞ്ഞ ക്രിസോസ്റ്റം തിരുമേനി വരെ! പക്ഷേ **ഇന്ന് സ്വയം വിശുദ്ധരാക്കുന്നവരുടെ കാലമാണ്.** സാമൂഹ്യമാദ്ധ്യമങ്ങൾ അതിനുള്ള വേദിയാണ്... പ്രൊമിയോൻ, സെദറാ, ഹൂത്തോമ്മാ തുടങ്ങി വിശുദ്ധ കുർബാനയും മരണശുശ്രൂഷയും വരെ മാർക്കറ്റിലുണ്ട്. നിയുക്തകാതോലിക്കാ തെരഞ്ഞെടുപ്പിനു മുന്നോടിയായി ചില സ്വകാര്യ ചാനലുകൾ രംഗത്തുവന്നിട്ടുണ്ട്. ലക്ഷ്യം എതിരാളികളെ തേജോവധം ചെയ്ത് ഇല്ലാതാക്കുക; ഒപ്പം തങ്ങളെ വാടകയ്ക്കെടുത്ത യജമാനന്മാർക്ക് ഇല്ലാത്ത മഹത്വം ഉണ്ടാക്കിക്കൊടുക്കുക!!! അകലെനിന്ന് വീണ്ടും യേശുതമ്പുരാന്റെ ശബ്ദം... "ശൂന്യമാക്കുന്ന മ്ലേച്ഛത വിശുദ്ധസ്ഥലത്തിൽ നിൽക്കുന്നതു നിങ്ങൾ കാണുമ്പോൾ... വായിക്കുന്നവൻ ചിന്തിച്ചുകൊള്ളട്ടെ" (മത്തായി 24:15) വായിക്കുക... ചിന്തിക്കുക... പ്രവർത്തിക്കുക. ◎

ചിന്താവിഷയം

ഫാ. ജേക്കബ് എൻ. വറുഗീസ്, നിരണം



പെന്തെക്കൊസ്തി: വിപ്ലവത്തിന്റെ കാൽവെയ്പ്പ്

ഉത്ഥാനപ്പെരുന്നാളിന് ശേഷം അമ്പതാമത്തെ ദിവസത്തെയാണ് 'പെന്തെക്കൊസ്തി' എന്ന് സുറിയാനി സഭകൾ വിവക്ഷിക്കുന്നത്.

പെന്തെക്കൊസ്ത് – പരിശുദ്ധാത്മ ദാനവുമായി ഈ പദത്തെ ക്രൈസ്തവ സമൂഹം ബന്ധിപ്പിക്കാറുണ്ട്. യഥാർത്ഥത്തിൽ ക്രിസ്തുവിനു മുമ്പ് മുതൽതന്നെ യെഹൂദന്മാരുടെ ഒരുത്സവമായിരുന്നു ഇത്. ഗ്രീക്കിൽ ഈ പദത്തിന് "അമ്പതാമത്തേത്" എന്നാണർത്ഥം. പെസഹാ പെരുന്നാളിനുശേഷം വരുന്ന രണ്ടു ദിവസം കഴിഞ്ഞുള്ള അമ്പതാം ദിവസമാണിത്. ക്രിസ്ത്യാനികളെ സംബന്ധിച്ചിടത്തോളം ഉത്ഥാനപ്പെരുന്നാളിന് ശേഷം ഏഴ് ആഴ്ചകൾ കഴിഞ്ഞുവരുന്ന ഞായറാഴ്ചയാണിത്. യെഹൂദന്മാർക്ക് ഇത് കൊയ്ത്തു പെരുന്നാൾ (Harvest festival) ആയിരുന്നു. എന്നാൽ പത്തു കല്പനകൾ ലഭിച്ച ദിനമായിട്ടും യെഹൂദന്മാർ ഇതിനെ ആചരിക്കുന്നു. "ഞാൻ പോയാൽ ഒരു കാര്യസ്ഥനെ (Parakletos) നിങ്ങൾക്കായി അയക്കും. (യോഹ. 14:16) എന്ന ക്രിസ്തുവാക്കിന്റെ പ്രാധാന്യം ധ്വനിപ്പിക്കുന്ന ദിവസം. യോഹന്നാന്റെ സുവിശേഷമനുസരിച്ച് ത്യാഗപൂർണ്ണമായ ക്രൂശുമരണത്തിന് മുമ്പ് മാളികമുറിയിൽ നടത്തുന്ന (Upper Room Discourse) പ്രഖ്യാപനത്തിലാണ് പരിശുദ്ധാത്മാവ് എന്ന "ത്രിത്വത്തിലെ മൂന്നാമനെ" പരിചയപ്പെടുത്തുന്നത്. ആദ്യ പെന്തെക്കൊസ്താനുഭവം അപ്പൊസ്തല പ്രവൃത്തികളിൽ (2:1-47) വരച്ചു കാട്ടുന്നുണ്ട്. യഥാർത്ഥത്തിൽ ആദിമസഭയുടെ ചരിത്രത്തിൽ ഒരു നാഴികക്കല്ലായി ഈ ചരിത്രസംഭവം പരിണമിച്ചു. യേശുവിന്റെ കാലഘട്ടത്തിൽ യെരുശലേമിലും യഹൂദാപ്രാന്തപ്രദേശങ്ങളിലും മാത്രം ഒതുങ്ങിനിന്ന സഭയുടെ 'പരിണാമദശ' നിർണയിച്ച ദിവസം കൂടിയായിരുന്നു പെന്തെക്കൊസ്തി. തുടർന്നുള്ള സഭയുടെ വളർച്ചയുടെ ത്വരിതഗതി നിർണയിക്കുന്ന ആത്മാവായിരുന്നു പെന്തെക്കൊസ്തിയുടെ ആത്മാവ് (Spirit of Pentecost). നവീകരണത്തിന്റെയും (Spirit of Renewal), പുനഃപ്രതിഷ്ഠയുടെയും (Spirit of Rededication), നവോന്മേഷത്തിന്റെയും (Spirit of Rejuvenation), നവോത്ഥാനത്തിന്റെയും (Spirit of Renaissance) ആത്മാവ്! പെന്തെക്കൊസ്തി വെറുമൊരു സാധാരണ ദിനം മാത്രമായിരുന്നില്ല. മറിച്ച്, സഭയുടെ വിപ്ലവാത്മകമായ ചലനങ്ങൾക്കും വളർച്ചയ്ക്കും തുടക്കം കുറിച്ച ദിവസം കൂടിയായിരുന്നു.

ക്രിസ്തുസന്ദേശം അതിർത്തിക്കപ്പുറത്തേക്ക്
(From Boundaries to Beyond Boundaries)

ക്രിസ്തുസന്ദേശം സകലസൃഷ്ടികളോടും ഉദ്ഘോഷിക്കുകയാണ് (Proclaim the Gospel to the whole creation) സഭയുടെ ദൗത്യം. ഉയിർപ്പിന് ശേഷമുള്ള സഭയുടെ പ്രത്യേക സ്വഭാവം അതൊരു വിശ്വാസ സമൂഹമായിരുന്നു (Faith Community) എന്നതാണ്. തൽഫലമായി അയയ്ക്കപ്പെട്ട പരിശുദ്ധാത്മാവിന്റെ ഐക്യം, സ്നേഹം, എന്നിവ അവർ അനുഭവിച്ചിരുന്നു. യേശുവിനെ മരിച്ചവരിൽ നിന്ന് ഉയിർപ്പിച്ചതും, യെഹൂദ ധർമ്മശാസ്ത്രം, ഭാഷ, ജാതി, ആചാരാനുഷ്ഠാനങ്ങൾ മുതലായവയെ തകർത്ത് പഴയ യിസ്രായേലിനെ രൂപപ്പെടുത്തിയെടുത്തതും പെന്തെക്കൊസ്തിയുടെ ആത്മാഭിഷേകം തന്നെയായിരുന്നു. (കൊലോ. 3:11; അപ്പൊ. പ്രവൃ. 2:10). പരിശുദ്ധാത്മാവിന്റെ നിയന്ത്രണവും ശക്തിയും സാർവത്രികമായി അനുഭവപ്പെടുകയും അംഗീകരിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. ആദിമസഭയുടെ സുവിശേഷഘോഷണത്തിന്റെ അടിസ്ഥാനപ്രമാണം പെന്തെക്കൊസ്തിയുടെ ആത്മാവ് തന്നെയായിരുന്നു.

അതുകൊണ്ടുതന്നെ എ.ഡി. 49–ൽ ആന്തരിക സംഘട്ടനങ്ങളും സഭയുടെ അടിസ്ഥാനം തന്നെ ഇളക്കിമറിക്കുമാറ് യെഹൂദനേതാക്കളുടെയും റോമൻ സാമ്രാജ്യത്തിന്റെയും പീഡനവും മർദ്ദനവും എല്ലാം ഉണ്ടായപ്പോഴും അടിപതറാതെ മുന്നോട്ട് കുതിച്ചുയരാൻ ശക്തി പകർന്നതും ഈ പരിശുദ്ധാത്മ ശക്തിയായിരുന്നു. കുറേക്കാലം അറിയപ്പെടാത്ത ഒരു സമൂഹമായി കഴിഞ്ഞുകൂടേണ്ടി വന്നെങ്കിലും താമസംവിനാ റോമൻ സാമ്രാജ്യത്തിലെ പല നഗരങ്ങളിലും കേന്ദ്രങ്ങളുള്ളതും, ഇതര സമൂഹങ്ങളിലുണ്ടായിരുന്നതിനെക്കാൾ ശക്തിയുള്ളതും കെട്ടുറുപ്പുള്ളതും ഭരണസമ്പ്രദായമുള്ളതും വലിയ താത്വികാടിസ്ഥാനമുള്ളതുമായ ഒരു ലോകസമൂഹമായി സഭ മാറിക്കഴിഞ്ഞു. അപ്പോ. പ്രവൃത്തിയിലും പൗലൊസിന്റെ കത്തുകളിലും അന്നു നിലവിലുണ്ടായിരുന്ന ഭരണസംവിധാനങ്ങളെക്കുറിച്ചുള്ള പരാമർശങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്.

പല നൂറ്റാണ്ടുകളായി ആഗോളവ്യാപകമായിത്തീർന്നിരിക്കുന്ന ഒരു ചരിത്രയാഥാർത്ഥ്യം തന്നെയാണ് ക്രിസ്തീയ സഭ. സാംസ്ക്കാരിക–സാമ്പത്തിക–രാഷ്ട്രീയ രംഗങ്ങളിൽ അതിന്റെ സ്വാധീനം ദൃശ്യമായിട്ടുണ്ട്. എന്നാൽ ചരിത്രകാരന്മാരുടെ പക്ഷത്തുനിന്ന് സഭയുടെ ആരംഭം എന്ന് എന്ന ചോദ്യം പ്രസക്തമാണ്. അതിന് യേശുവിന്റെ ജീവിതവും പ്രവർത്തനവും മുതലെന്നോ, പെന്തെക്കൊസ്തി ദിനത്തിൽ പരിശുദ്ധാത്മാവിന്റെ വരവ് മുതലെന്നോ ഉത്തരം നൽകാൻ കഴിയും. എങ്കിലും എല്ലാ വിധത്തിലും ശത്രുതാമനോഭാവം മാത്രം അഭിമുഖീകരിച്ചുകൊണ്ടിരുന്ന ഒരു സാഹചര്യത്തിൽ ക്രിസ്തുസഭ എങ്ങനെ വളർച്ച പ്രാപിച്ചു എന്ന ചോദ്യത്തിന് പെന്തെക്കൊസ്തിയുടെ ദൈവികശക്തിയാലാണെന്ന് നിസ്സംശയം പറയാൻ കഴിയും. അപ്പൊ. പ്രവൃത്തികളിലും സുവിശേഷങ്ങളിലും പ്രതിപാദിക്കുന്ന പ്രകാരം ഉത്ഥാനം ചെയ്ത ക്രിസ്തുവിനോടുള്ള സ്നേഹത്താൽ ഒന്നിച്ച് ചേർന്ന ഒരു കൂട്ടം പുരുഷന്മാരും സ്ത്രീകളും ജാതി, ഭാഷാ, രാജ്യാതിർത്തികൾ ഭേദിച്ച് സകലർക്കും രക്ഷയുടെ സദ്വർത്തമാനം അറിയിക്കുന്നതിന് നടത്തിയ ആവേശത്തോടെയുള്ള പ്രവർത്തനമാണ് പിന്നീട് സഭാചരിത്രത്തിന്റെ ഗതിവിഗതികളിൽ കാണുന്നത് (Judaistic Christianity -Hort). സങ്കീർണ്ണമെങ്കിലും ഘനഗംഭീരമായ ആ പ്രവർത്തനമാതൃക ഇന്നത്തെ സഭാപ്രവർത്തനങ്ങളിൽ ജാതി, മതം, ഭാഷ, വർഗ്ഗം, വർണ്ണം മുതലായ വ്യത്യാസങ്ങൾ മറന്ന് നാം അനുകരിക്കേണ്ടതാണ്. അപ്പൊ. പ്രവൃത്തികളിൽ കാണുന്ന ചരിത്രം ഭൂമിശാസ്ത്രപരമായ വളർച്ചയുടെ കഥയാണ്. യെരുശലേമിൽ മാത്രം ഒതുങ്ങിനിന്ന ക്രിസ്തുസന്ദേശം ശമര്യ (8:5) കൈസര്യ (8:40); ദമസ്ക്കൊസ് (9:10), അന്ത്യൊക്ക്യ, കുപ്രോസ് (11:19); ഏഷ്യാമൈനർ (13:13); യൂറോപ്പ് (16:11) എന്നിവിടങ്ങളിലേക്കും അവസാനമായി റോമിലേക്കും (28:16) പ്രചരിച്ചു. എന്നാൽ ഇക്കാലയളവിലാണ് ക്രൈസ്തവസഭയുടെ പ്രധാനപ്പെട്ട പല വിശ്വാസാചാരക്രമങ്ങളും ഉണ്ടായത്. ഇവയൊക്കെ ഏറ്റുമുട്ടലോ എതിർപ്പുകളോ കൂടാതെയല്ല രൂപം പ്രാപിച്ചത്. അതിനു നിദാനം പെന്തെക്കൊസ്തിയുടെ ആത്മാവിന്റെ ബഹിർസ്ഫുരണമായിരുന്നു. യഹൂദ്യയുടെ അതിരുകളിൽ മാത്രം ഒതുങ്ങിനിന്ന ക്രൈസ്തവ സന്ദേശത്തിന് അതിർവരമ്പുകൽ ഭേദിച്ച് നവലോകമാനം നൽകിയത് പെന്തെക്കൊസ്തിയുടെ വിപ്ലവാത്മകത തന്നെയായിരുന്നു.

ദൈവവചനത്തിൽ നിന്ന് ദൈവത്തിന്റെ ശുശ്രൂഷയിലേക്ക്

(From the Word of God to the World of God)

പെന്തെക്കൊസ്തിയുടെ അനുഭവത്തിൽ കൂടി കടന്നുപോകുന്ന ക്രൈസ്തവസഭയുടെ പ്രത്യേകത കൂട്ടായ്മയും (Koinonia - ശൗത്തോഫൂസോ - Syriac) ആരാധനയും പങ്കുവെയ്ക്കലും ആയിരുന്നു. പെന്തെക്കൊസ്തിയുടെ മാസ്മരികതയിൽ വളർന്ന സമൂഹം തങ്ങളിൽ തന്നെ ഒതുങ്ങാതെ ശുശ്രൂഷയിലേക്ക് (അപ്പൊ. പ്രവൃ. 6:1–6) വളരുന്നു. അക്ഷരങ്ങളുടെ ശുശ്രൂഷ (ministry of word of God) - യിൽ നിന്ന് ആത്മാക്കളുടെ ശുശ്രൂഷയിലേക്ക് (ministry of world of God) സഭ വളർന്നത് പെന്തെക്കൊസ്താനുഭവത്തിന്റെ സാമൂഹികമാനത്തിന്റെ പ്രതിഫലനമാണ്. മറ്റൊരുതരത്തിൽ 'diskonia' - യിൽ നിന്ന് 'diakonia' - യിലേക്കുള്ള വളർച്ചയുടെ പടവുകൾ കയറുന്നതിന് ഇത് സഭയെ സഹായിച്ചു. അടയ്ക്കപ്പെട്ട മുറികളിൽ ദൈവാനുഭവത്തിന് തങ്ങൾ മാത്രം

(ശേഷം പേജ് 22–ൽ)

കൽപ്പടവുകൾ – 10
ഫാ. ജോണി ജോർജ്ജ്
കോർ എപ്പിസ്കോപ്പാ



ആദാമും ഹവ്വായും – ചില വ്യക്തിതല ചിന്തകൾ

'Person' എന്ന വാക്കിന് 'വ്യക്തി' എന്നാണ് മലയാളത്തിൽ പറയുന്നത്. എന്താണ് ഈ പദത്തിന്റെ അർത്ഥം? വ്യക്തത(clarity)യുള്ളതിനാണ് വ്യക്തി എന്നു പറയുന്നത്. വ്യക്തിത്വം എന്നത് (Personality) വ്യക്തതയുള്ള അവസ്ഥയാണ്. എന്താണ് ഒരു വ്യക്തിയുടെ സവിശേഷമായ പ്രത്യേകതകൾ? ആദ്യമായി ഒരു വ്യക്തിക്ക് ഒരു രൂപം (ആകൃതി) ഉണ്ട്: തനതായ പ്രത്യേക സ്വഭാവവും പെരുമാറ്റ രീതികളുമുണ്ട് (പ്രകൃതം). വളരുന്ന സാഹചര്യങ്ങൾ, സ്വാധീനങ്ങൾ ഇവയെല്ലാം പ്രകൃതത്തെ രൂപപ്പെടുത്തുന്നതിൽ നിർണ്ണായകമായ പങ്കു വഹിക്കും. ഒരു ചെടി വളരുമ്പോൾ മണ്ണിന്റെ ഘടന, സൂര്യപ്രകാശം, വെള്ളം, വളം, പരിപാലനം ഇവയെല്ലാം പ്രധാന സ്വാധീനങ്ങളായിരിക്കുന്നതുപോലെയാണ് ചുറ്റുപാടുകൾ ഒരു വ്യക്തിയെ സ്വാധീനിക്കുന്നത്. ജീവിതം ആരംഭിക്കുമ്പോഴുള്ള അനുഭവങ്ങളും സാഹചര്യങ്ങളും ഒരു വ്യക്തിയെ ആജീവനാന്തം സ്വാധീനിക്കുന്ന ഘടകങ്ങളാണ്. “ചൊട്ടയിലെ ശീലം ചുടലവരെ”, “ചെറുപ്പകാലങ്ങളിലുള്ള ശീലം മറക്കുമോ മാനുഷനുള്ളകാലം” എന്നെല്ലാമുള്ള പഴമൊഴികൾ ഇതാണ് നമ്മെ ഓർപ്പിക്കുന്നത്. ഗയിലാർഡിന്റെ (Geilard) "Your Inner Child of the Past" എന്ന മനോഹരമായ ഒരു പുസ്തകമുണ്ട്. എത്ര പ്രായമായാലും ഒരാൾ എന്നും ഒരു കൊച്ചു കുട്ടി തന്നെ ആയിരിക്കുമെന്നാണ് അദ്ദേഹം പറയുന്നത്. മനഃപൂർവ്വമായ ശ്രദ്ധ കൊണ്ട് സ്വഭാവത്തെ കുറെയൊക്കെ മാറ്റിയെടുക്കാനും നിയന്ത്രിക്കാനും സാധിക്കും. 'തനി സ്വഭാവം' – ചെറുപ്പത്തിലേതന്നെ സ്വന്തം ജീവിതത്തിൽ രൂഢമൂലമായിത്തീർന്ന ചില സ്വഭാവ രീതികൾ – അനുകൂലസാഹചര്യങ്ങളുണ്ടാകുമ്പോൾ തലപൊക്കും എന്നുള്ളത് നിസ്തർക്കമാണ്. കുടുംബ സാമൂഹ്യജീവിതത്തിലെ പല അപചയങ്ങൾക്കും ഉൾപ്രേരകങ്ങൾക്കും ആധാരമായിരിക്കുന്നത് ഇതാണ്.

വ്യക്തികൾ എന്ന നിലയിൽ എന്തൊക്കെയായിരുന്നു ആദാമിന്റെയും ഹവ്വായുടെയും സവിശേഷതകൾ? അവയെ നമുക്കൊന്ന് പരിശോധിക്കാം:

ആദാം

ആദിമനുഷ്യൻ മനുഷ്യവർഗ്ഗത്തെ പ്രതിനിധാനം ചെയ്യുന്നു. മണ്ണിൽനിന്ന് എടുക്കപ്പെട്ടവൻ. ദൈവമാണ് സ്രഷ്ടാവ്; മനുഷ്യന്റെ ആകൃതി രൂപകല്പന ചെയ്തത് ദൈവം തന്നെ. അവൻ മറ്റ് ജീവികളിൽ നിന്ന് വ്യത്യസ്തൻ. ദൈവത്തിന്റെ ജീവശ്വാസം നൽകപ്പെട്ടവൻ. ദൈവസ്വരൂപവും ദൈവസാദൃശ്യവും അവനിലുണ്ട്. മറ്റ് ജീവജാലങ്ങൾക്കെല്ലാം പേരിടാൻ ചുമതലപ്പെടുത്തപ്പെട്ടവൻ. ഭൂമിയെയും അതിലുള്ള സകലത്തെയും അടക്കിവാഴാൻ അധികാരം ലഭിച്ചവൻ. ഇതെല്ലാം കിട്ടിയതിനുശേഷം ഒരു നഷ്ടക്കച്ചവടം ഉണ്ടായി: “യഹോവയായ ദൈവം മനുഷ്യനെ കൂട്ടിക്കൊണ്ടുപോയി ഏദൻതോട്ടത്തിൽ വേല ചെയ്വാനും അതിനെ കാപ്പാനും അവിടെ

ആക്കി" (ഉല്പത്തി 2:15). എല്ലാ ജീവജാല ങ്ങൾക്കും പേരിട്ടു കഴിഞ്ഞപ്പോൾ, അവയിൽ നിന്ന് മനുഷ്യന് തക്കതായ ഒരു തുണയെ കണ്ടെത്താൻ കഴിയാഞ്ഞതിനാൽ തന്റെ വാരി യെല്ലിൽ നിന്ന് ഒന്നെടുത്ത് സ്ത്രീയെ നിർമ്മി ച്ചു നൽകി. അങ്ങനെ തന്റെ വാരിയെല്ലിൽ ഒന്ന് നഷ്ടപ്പെട്ടുവെങ്കിലും അവളുമായിച്ചേർന്ന് ഏദനിൽ സന്തോഷപ്രദമായ ഒരു ജീവിതത്തിന് ആരംഭമിട്ടു.

അപ്പോഴാണ് പ്രലോഭകന്റെ (പാമ്പ്) സ്വാധീനത്തിന് വഴങ്ങി അവർ വിലക്കപ്പെട്ട ഫലം ഭക്ഷിക്കാനിടയായത്. താൻ സ്വന്ത ഇഷ്ടപ്രകാരം ചെയ്ത തെറ്റല്ല, ഭാര്യയാണ് തിരിച്ചറിവിന്റെ മരത്തിന്റെ ഫലം തിന്നതും തന്നതും. പക്ഷേ, തെറ്റും ശരിയും തിരിച്ചറി യാൻ ദൈവം നൽകിയ കഴിവിനെ ആദാം ഉപ യോഗിച്ചില്ല. ജീവിതത്തിലെ priority നഷ്ട പ്പെട്ടു. ദൈവത്തിന്റെ നിർദ്ദേശങ്ങൾക്ക് പ്രഥമ സ്ഥാനം കൊടുത്തില്ല. ഒരു നിമിഷത്തെ തെറ്റ്! അതേപ്പറ്റി ബോധം വന്നപ്പോൾ ദൈവത്തെ ഭയപ്പെട്ട് ഒളിച്ചിരുന്നു; പക്ഷേ അപ്പോഴേക്കും വൈകിപ്പോയിരുന്നു. ഫലമോ, ഏദൻ തോട്ട ത്തിൽനിന്ന് പുറത്താക്കപ്പെട്ടു. താൻ ആരാ ണെന്ന് തിരിച്ചറിയാതെ മറ്റൊരാളുടെ സ്വാധീ നത്തിനു വഴങ്ങി യഥാർത്ഥമായ ദൈവഭയവും ദൈവസ്നേഹവും വിട്ടുകളഞ്ഞതാണ് ആദാ മിന്റെ ജീവിതത്തിലെ വീഴ്ചയ്ക്ക് കാരണം. ദൈവസ്വരൂപത്തെയും ദൈവസാദൃശ്യ ത്തെയും കുറിച്ച് ഓർമ്മിച്ചില്ല. ദൈവസാദൃശ്യ ത്തിൽ വളരേണ്ടവൻ അതിൽ വീഴ്ച വരുത്തി.

ഹവ്വാ

ആദാമിന് തക്ക തുണയായി സൃഷ്ടിക്കപ്പെ ട്ടവൾ. തുണ (help-mate) എന്നതിന് എബ്രായ ഭാഷയിലെ മൂലപദം 'എസേർ' എന്നാണ്. അതിന് 'സഹായി' എന്നും 'അഭയം' എന്നും അർത്ഥമുണ്ട്. യഹോവയായ ദൈവം "നമ്മുടെ സഹായവും പരിചയുമാകുന്നു" (സങ്കീ. 33:20) എന്ന് പറയുമ്പോൾ 'എസേർ' എന്ന വാക്കാണ് ഉപയോഗിച്ചിരിക്കുന്നത്. ആ പദം ഹവ്വായ്ക്ക് വേണ്ടി ഉപയോഗിക്കുമ്പോൾ എത്ര ഉന്നതമായ സ്ഥാനമാണ് അവൾക്ക് നൽകിയിരിക്കുന്നത് എന്ന് മനസ്സിലാകും. ആദാം മണ്ണിൽ നിന്ന് സൃഷ്ടിക്കപ്പെട്ടവൻ (refined); ഹവ്വാ ആദാ മിന്റെ വാരിയെല്ലിൽ നിന്ന് സൃഷ്ടിക്കപ്പെട്ടവൾ (double refined). പക്ഷേ, തന്റെ മോഹത്തെ തൃപ്തിപ്പെടുത്താൻ അറിവിന്റെ ഫലം തിന്നു ന്നതിന് അവൾ പാമ്പിന് സമ്മതം നൽകിയ പ്പോൾ ആദാമിനോട് ചോദിച്ചില്ല. പിന്നീട് ദൈവത്തിൽനിന്ന് മറഞ്ഞിരിക്കാൻ അവന്റെ ഒപ്പം കൂടി. തന്റെ തെറ്റിന് പാമ്പിനെ പഴി പറ ഞ്ഞു. "ഞാൻ തിന്നുപോയി" എന്നു പറഞ്ഞ് ഒഴിഞ്ഞുമാറുകയാണ്.

യേശുക്രിസ്തുവിനെ രണ്ടാം ആദാമായി പൗലൊസ് ശ്ലീഹാ വരച്ചുകാട്ടുന്നു. അതിനോട് ചേർത്ത് കന്യകമറിയാമിനെ പുതിയ ഹവ്വാ യായി സഭ ചിത്രീകരിക്കുന്നു. പഴയ ഹവ്വാ പാമ്പിന്റെ പ്രലോഭനത്തിന് വഴിപ്പെട്ടപ്പോൾ പുതിയ (രണ്ടാം) ഹവ്വാ "ഞാൻ കർത്താ വിന്റെ ദാസി" എന്നു പറഞ്ഞുകൊണ്ട് ദൈവേ ഷ്ടത്തിന് സ്വയം സമർപ്പിച്ചു. പുതിയ ഹവ്വാ പാപമയമായ ഈ ലോകത്തിൽ ഒരു സാധാ രണ ശിശുവായി ജനിച്ചു; എന്നാൽ ദൈവഹി തപ്രകാരം ജീവിക്കാൻ ശ്രദ്ധിച്ചു; രക്ഷയുടെ മാർഗ്ഗം ലോകത്തിന് കാഴ്ചവച്ചു; അങ്ങനെ ദൈവമാതാവായി.

ആദാമും ഹവ്വായും വ്യക്തികളെന്ന നില യിൽ എല്ലാ മനുഷ്യർക്കും അനേകം ജീവിത പാഠങ്ങൾ നൽകുന്നു. നമ്മിൽ ഉൾച്ചേർന്നു കിട ക്കുന്ന നന്മതിന്മകളുടെ സ്വാധീനം പരിശുദ്ധാ ത്മപ്രേരിതമായി തിരിച്ചറിഞ്ഞ് ദൈവോന്മുഖ മായ ജീവിതം നയിക്കാനാണ് നാം ഏവരും വിളിക്കപ്പെട്ടിരിക്കുന്നത്. ◎

ബൈബിൾ ചിന്തകൾ – 104

പ്രൊഫ. എം. വൈ. യോഹന്നാൻ



നീതിമാനാകുന്നതെങ്ങനെ?

"ഒരു വ്യത്യാസവുമില്ല; എല്ലാവരും പാപം ചെയ്തു ദൈവതേജസ്സ് ഇല്ലാത്തവരായിത്തീർന്നു. അവന്റെ കൃപയാൽ ക്രിസ്തുയേശുവിങ്കലെ വീണ്ടെടുപ്പുമൂലം സൗജന്യമായത്രേ നീതീകരിക്കപ്പെടുന്നത്." (റോമർ 3:23,24).

ലോകത്തിൽ ജനിച്ചിട്ടുള്ളവരിൽ യേശുക്രിസ്തു ഒഴികെ സകല മനുഷ്യരും പാപികളാണ്. പാപി നരകാവകാശിയാണ്. പാപത്തിന്റെ അനന്തരഫലമായ നരകത്തിലേക്ക് പോകുന്ന മനുഷ്യനെ സ്വർഗ്ഗാവകാശിയാക്കുവാനാണ് യേശുക്രിസ്തു തിരുഅവതാരം ചെയ്തത്.

മറ്റു മതങ്ങളെല്ലാം നന്മപ്രവൃത്തികൾ ചെയ്ത് നിത്യമോക്ഷത്തിലെത്തുവാനുള്ള മാർഗ്ഗങ്ങൾ അഭ്യസിപ്പിക്കുമ്പോൾ ക്രിസ്തുവിന്റെ സുവിശേഷം പാപിയെ സ്വർഗ്ഗത്തിലാക്കുന്ന ക്രിസ്തുവിനെത്തന്നെ നമുക്ക് നൽകുന്നു.

മഹാവിഷ്ണുവിന്റെ അവതാര ഉദ്ദേശ്യത്തെക്കുറിച്ച് ഭഗവദ്ഗീതയിൽ പറയുന്നു:

"യദാ യദാഹി ധർമ്മസ്യ
ഗ്ലാനിർഭവതി ഭാരത
അഭ്യുത്ഥാനമധർമ്മസ്യ
തദാത്മാനം സൃജാമ്യഹം."

എപ്പോഴെല്ലാമാണ് ധർമ്മച്യുതി സംഭവിക്കുന്നത് അപ്പോഴെല്ലാം അധർമ്മത്തിൽ നിന്ന് ലോകത്തെ വീണ്ടെടുക്കുവാൻ ഞാൻ അവതരിക്കുന്നു.

"പരിത്രാണായ സാധൂനാം
വിനാശായ ചദുഷ്കൃതാം
ധർമ്മ സംസ്ഥാപനാർത്ഥായ
സംഭവാമി യുഗേ യുഗേ."

നല്ലവരെ രക്ഷിക്കാനും പാപികളെ നശിപ്പിക്കാനും ധർമ്മം സ്ഥാപിക്കാനും ഞാൻ യുഗങ്ങൾ തോറും അവതരിക്കുന്നു.

എന്നാൽ സുവിശേഷം പറയുന്നു:

"കാണാതെ പോയതിനെ തിരഞ്ഞു രക്ഷിപ്പാനല്ലോ മനുഷ്യപുത്രൻ വന്നത്" (ലൂക്കോസ് 19:10).

"ദൈവം തന്റെ പുത്രനെ ലോകത്തിൽ അയച്ചത് ലോകത്തെ വിധിപ്പാനല്ല ലോകം അവനാൽ രക്ഷിക്കപ്പെടുവാനത്രേ" (യോഹ 3:17).

പാപത്തിന്റെ ഭീകര സ്വാധീനത്തിൽ വലയുന്ന മനുഷ്യനെ രക്ഷിക്കാനാണ് ക്രിസ്തു വന്നത്. ദൈവത്തിന്റെ വൈരിയായ സാത്താന്റെ ദുസ്സ്വാധീനം നിമിത്തം പാപത്തിനും ശാപത്തിനും അടിമപ്പെട്ട് രക്ഷപ്പെടുവാൻ സാധ്യമല്ലാതെ മുങ്ങിത്താണുകൊണ്ടിരുന്ന മനുഷ്യനെ പിടിച്ചുയർത്തി കരയ്ക്കടുപ്പിക്കുവാനാണ് ക്രിസ്തു ഈ സംസാരസാഗരത്തിലേക്ക് കുതിച്ചെത്തിയത്. അതുകൊണ്ടാണ് ദാവീദ് പാടിയത്: *"അവൻ ഉയരത്തിൽ നിന്നു കൈനീട്ടി എന്നെ പിടിച്ചു. പെരുവെള്ളത്തിൽ നിന്ന് എന്നെ വലിച്ചെടുത്തു. ബലമുള്ള ശത്രുവിന്റെ കൈയിൽ നിന്നും എന്നെ പകച്ചവരുടെ പക്കൽനിന്നും അവൻ എന്നെ വിടുവിച്ചു; അവർ എന്നിലും ബലമേറിയവരായിരുന്നു."* (സങ്കീ. 18:16,17).

മനുഷ്യനെ വലയ്ക്കുന്ന അവന്റെ ഹൃദയത്തിലെ അശുദ്ധിയെക്കുറിച്ച് യേശുക്രിസ്തു പറഞ്ഞു:

"മനുഷ്യനിൽ നിന്നു പുറപ്പെടുന്നതത്രെ മനുഷ്യനെ അശുദ്ധനാക്കുന്നത്; അകത്തു നിന്ന്, മനുഷ്യരുടെ ഹൃദയത്തിൽ നിന്നുതന്നെ, ദുശ്ചിന്ത, വ്യഭിചാരം, പരസംഗം, കൊലപാതകം, മോഷണം, അത്യാഗ്രഹം, ദുഷ്ടത, ചതി, ദുഷ്ക്കർമ്മം, വിടക്കുകണ്ണ്, ദൂഷണം, അഹങ്കാരം, മൂഢത എന്നിവ പുറപ്പെടുന്നു" (മർക്കോസ് 7:20–23).

"നീതിമാൻ ആരുമില്ല. ഒരുത്തൻ പോലുമില്ല" (റോമർ 3:10).

എന്നാൽ നീതികെട്ടവരായ മനുഷ്യർക്കുവേണ്ടി നീതിമാനായ ക്രിസ്തു കുരിശിൽ തന്റെ തിരുരക്തം ചൊരിഞ്ഞു മരിച്ചു എന്നതിനാൽ മനുഷ്യന്റെ

പാപത്തിനു പരിഹാരമായി എന്നു തിരുവചനം പറയുന്നു.

നാസികൾ ജർമ്മനി കയ്യടക്കിയിരുന്ന കാലത്ത് അവിടെ ഒരു തടങ്കൽപ്പാളയത്തിൽ നിന്ന് പത്തു തടവു പുള്ളികൾ രക്ഷപ്പെട്ടു. നാസി പട്ടാള കമാൻഡർ ആ രക്ഷപ്പെട്ട പത്തു പേർക്കു പകരമായി അതേ ജയിലിലെ വേറെ പത്തു പേരെ വധശിക്ഷയ്ക്കു വിധിച്ചു. അതിൽ ജിയോണിസെക് (Gajowniczek) എന്നൊരു ഡോക്ടറുണ്ടായിരുന്നു. തന്റെ പ്രിയപ്പെട്ട ഭാര്യയും പിഞ്ചോമനക്കുഞ്ഞുങ്ങളും അനാഥരാകുമല്ലോ എന്നോർത്തപ്പോൾ ആ ഡോക്ടർ ഓരോരുത്തരുടെയും പേരു പറഞ്ഞ് എണ്ണിപ്പെറുക്കി അലറിക്കരഞ്ഞു കൊണ്ടിരുന്നു.

അടുത്ത സെല്ലിൽ ഫാദർ മാക്സിമില്ലൻ കോൾബെ (Maximilian Kolbe) എന്നൊരു പുരോഹിതൻ ബന്ധിതനായി കിടക്കുന്നുണ്ടായിരുന്നു. ജിയോണിസെക്കിന്റെ ദയനീയമായ നിലവിളി കേട്ട് മനസ്സലിഞ്ഞ് അദ്ദേഹം തന്നേ വധിക്കാനും ഡോക്ടറേ മോചിപ്പിക്കുവാനും പട്ടാള മേധാവികളോട് അപേക്ഷിച്ചു. പക്ഷെ അവർക്കത് വിശ്വസിക്കുവാൻ കഴിഞ്ഞില്ല. ഒരാൾക്കുവേണ്ടി മറ്റൊരാൾ മരണം ഏറ്റെടുക്കുക എന്നത് തീർത്തും അവിശ്വസനീയമായി അവർക്ക് തോന്നി. അതുകൊണ്ട് തീരുമാനത്തിൽ മാറ്റം വരുമോ എന്നറിയാൻ ഫാദർ കോൾബെയെ അവർ പത്തു ദിവസം പട്ടിണിക്കിട്ടു. എന്നിട്ടും അദ്ദേഹത്തിന്റെ തീരുമാനത്തിനു മാറ്റമില്ലെന്നു മനസ്സിലാക്കിയ അധികാരികൾ അദ്ദേഹത്തിന്റെ ശരീരത്തിൽ കാർബോണിക് ആസിഡ് കുത്തിവച്ചു. ഇഞ്ചിഞ്ചായി അദ്ദേഹം മരിച്ചുകൊണ്ടിരുന്നു. ഒടുവിൽ നിറഞ്ഞ സമാധാനത്തോടെ പ്രത്യാശയോടെ അദ്ദേഹം അന്ത്യശ്വാസം വലിച്ചു. ജിയോണിസെക്കിന്റെ എന്തെങ്കിലും നന്മയോ യോഗ്യതയോ പരിഗണിച്ചല്ല ഫാദർ കോൾബെ അദ്ദേഹത്തിനുവേണ്ടി മരിക്കാൻ തയ്യാറായത്. ഫാ. കോൾബെയുടെ ദയയും മനസ്സലിവും മാത്രമാണ് കാരണം.

മനുഷ്യനെ പിശാചിന്റെ കരങ്ങളിൽ നിന്നും മോചിപ്പിച്ച് അവന്റെ നിത്യശിക്ഷ ഒഴിവാക്കുന്നതിനു വേണ്ടിയാണ് കർത്താവായ യേശുക്രിസ്തു തിരു അവതാരം ചെയ്ത് കുരിശിൽ മരിച്ചത് എന്നുള്ള സത്യം പലർക്കും മനസ്സിലാകുന്നില്ല. എല്ലാ ദിവസവും വിശ്വാസപ്രമാണം ഏറ്റുചൊല്ലുന്നവർ പോലും അതു വിശ്വസിക്കുന്നില്ല. ക്രിസ്തു തന്റെ ശരീരത്തിൽ നമ്മുടെ പാപങ്ങളെ ചുമന്നുകൊണ്ട് ക്രൂശിന്മേൽ കയറി എന്നു വിശ്വസിക്കാൻ കഴിയുന്നത് ഒരു മഹാഭാഗ്യമാണ്.

"അവൻ നമ്മുടെ അതിക്രമങ്ങൾ നിമിത്തം മുറിവേറ്റും നമ്മുടെ അകൃത്യങ്ങൾ നിമിത്തം തകർന്നും ഇരിക്കുന്നു. നമ്മുടെ സമാധാനത്തിനായുള്ള ശിക്ഷ അവന്റെ മേൽ ആയി. അവന്റെ അടിപ്പിണരാൽ നമുക്ക് സൗഖ്യം വന്നുമിരിക്കുന്നു" (യെശയ്യാവ് 53:5).

പൈശാചികന്റെ ആധിപത്യത്തിൽനിന്ന് മനുഷ്യനെ വീണ്ടെടുത്തു രക്ഷിക്കാൻ നിത്യസ്നേഹമായ ദൈവം കൊടുത്ത വിലയെ വിശദമാക്കുവാൻ തിരുവചനത്തിൽ മൂന്നു പദങ്ങൾ ഉപയോഗിച്ചിട്ടുണ്ട്: വീണ്ടെടുപ്പ് (Redemption), പ്രായശ്ചിത്തം (Propitiation), രക്തം (Blood). അന്യാധീനപ്പെട്ടുപോയ ഒരു വസ്തു വിലകൊടുത്തു വാങ്ങുന്നതാണ് വീണ്ടെടുപ്പ്. വീണ്ടെടുപ്പിനുവേണ്ടി കൊടുക്കേണ്ടി വരുന്ന മറുവിലയാണ് പ്രായശ്ചിത്തം.

"ഒരുത്തൻ പാപം ചെയ്തു എങ്കിലോ നീതിമാനായ യേശുക്രിസ്തു എന്ന കാര്യസ്ഥൻ നമുക്ക് പിതാവിന്റെ അടുക്കൽ ഉണ്ട്. അവൻ നമ്മുടെ പാപങ്ങൾക്ക് പ്രായശ്ചിത്തമാകുന്നു. നമ്മുടേതിനു മാത്രമല്ല, സർവ്വ ലോകത്തിന്റെ പാപത്തിനും തന്നെ" (1 യോഹ. 2:1–2).

"വ്യർത്ഥവും പിതൃപാരമ്പര്യവുമായ നിങ്ങളുടെ നടപ്പിൽനിന്നു നിങ്ങളെ വീണ്ടെടുത്തിരിക്കുന്നത് പൊന്ന്, വെള്ളി മുതലായ അഴിഞ്ഞു പോകുന്ന വസ്തുക്കളെക്കൊണ്ടല്ല. ക്രിസ്തു എന്ന നിർദോഷവും നിഷ്ക്കളങ്കവുമായ കുഞ്ഞാടിന്റെ വിലയേറിയ രക്തം കൊണ്ടത്രേ" (1 പത്രോസ് 1:18).

"വിശ്വസിക്കുന്നവർക്ക് അവൻ തന്റെ രക്തം മൂലം പ്രായശ്ചിത്തമാകുവാൻ ദൈവം അവനെ പരസ്യമായി നിറുത്തിയിരിക്കുന്നു" (റോമർ 3:25).

"വിശ്വാസത്താൽ നീതീകരിക്കപ്പെട്ടിട്ട് നമ്മുടെ കർത്താവായ യേശുക്രിസ്തുമൂലം നമുക്ക് ദൈവത്തോട് സമാധാനം ഉണ്ട്" (റോമർ 5:1).

നീതീകരണം ദൈവത്തിന്റെ സൗജന്യ കൃപയാണ്. നീതികെട്ട മനുഷ്യനെ നീതിമാൻ എന്നു മുദ്ര കുത്തുന്ന അത്ഭുത സ്നേഹമാണ് ദൈവം. വിശ്വാസത്താൽ ആ നീതീകരണം സ്വന്തമാക്കുന്നതാണ് ആത്മരക്ഷ അഥവാ നിത്യജീവൻ. ◎

യുവലോകം - 72

ഫാ. ഡോ. തോംസൺ റോബി





ജനപ്രതിനിധികളേ... സമൂഹനന്മ ലക്ഷ്യമാക്കി പ്രവർത്തിക്കുക

പ്രവർത്തിക്കുന്നവന്റേതാണ് ലോകം. മനുഷ്യന്റെ കഴിവിന് പരിമിതികളുണ്ട്. തന്മൂലം ദൈവത്തിലാശ്രയിച്ചാലേ എന്തും ഫലപ്രദമാകുകയുള്ളൂ. പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് നാം പ്രവർത്തിക്കുവാൻ ശ്രമിക്കണം. പക്ഷേ, മനുഷ്യൻ ഒറ്റപ്പെട്ട ജീവിയല്ല, സാമൂഹ്യജീവിയാണ്. തന്നോടു മാത്രം അല്ല അവന്റെ ഉത്തരവാദിത്വം. സമൂഹത്തോടും അവന് കടപ്പാടുകളുണ്ട്. ഈ കടമ നിറവേറ്റിയാണ് ജനാധിപത്യത്തിന്റെ ശ്രീകോവിലായ അസംബ്ലിയിലേക്ക് നാം ജനപ്രതിനിധികളെ തെരഞ്ഞെടുത്ത് അയച്ചിരിക്കുന്നത്.

പുതിയ സർക്കാരിന്റെ പ്രവർത്തനം ഊർജ്ജിതമായി ആരംഭിച്ചിരിക്കുകയാണ്. വലിയ പ്രതീക്ഷയോടെ നാം ചുമതല ഏല്പിച്ചിരിക്കുന്ന പുതിയ സേവകർക്ക് (ministers) സമൂഹത്തെ സേവിക്കുവാനുള്ള ഉത്തരവാദിത്വമുണ്ട്. സ്വന്തം വളർച്ച മാത്രമല്ല സാമൂഹ്യഉത്തരവാദിത്വവും ഏറ്റെടുക്കാൻ സേവകന്മാർക്ക് കഴിയണം. ഭരണഘടനയോടും തന്നെ വിജയിപ്പിച്ച ജനങ്ങളോടും വിധേയത്വം ഉണ്ടാകണം. ഓരോ ജനപ്രതിനിധിയും ഈ സമൂഹത്തിന്റെ ഒരംഗമാണെന്ന തോന്നൽ ഉണ്ടാകുകയും അതിനനുസരിച്ച് ജനനന്മ ലാക്കാക്കി പ്രവർത്തിക്കുകയും ചെയ്യണം.

നാം കടന്നുപോകുന്ന കോവിഡ് മഹാമാരിക്കാലവും പ്രകൃതിദുരന്ത പ്രതിസന്ധികളും നമ്മെ ഒട്ടനവധി പാഠങ്ങൾ പഠിപ്പിച്ചിരിക്കുകയാണ്. ഈ ദുരന്തത്തിനിടയിലും കൂടുതൽ ധനം ആർജ്ജിക്കാൻ ചിലർ കാട്ടുന്ന വെമ്പൽ സമൂഹത്തോടുള്ള വെല്ലുവിളിയാണ്. പുതിയതായി നിലവിൽ വന്ന കേരള നിയമസഭയുടെ പ്രവർത്തനം സമൂഹനന്മ ലാക്കാക്കി ആകട്ടെ എന്ന് നമുക്ക് പ്രാർത്ഥിക്കാം, ആശംസിക്കാം. നാം ആയിരിക്കുന്ന സ്ഥലത്തുനിന്ന് ആയിത്തീരേണ്ട സ്ഥലത്തേക്ക് പ്രയാണം ആരംഭിക്കുമ്പോൾ നമുക്ക് വിശേഷാൽ കർമ്മപദ്ധതിയും കരുക്കളും കൂടിയേ തീരൂ. അറിഞ്ഞുകൊണ്ട് നാം ആർക്കും ദ്രോഹം ചെയ്യാതിരിക്കുക. നല്ലത് ചിന്തിക്കുക, നല്ലത് പറയുക, നല്ലതു ചെയ്യുക. അങ്ങനെ സ്വന്തം പാത കണ്ടെത്തി ഒറ്റയ്ക്കും, പങ്കുചേർന്നും പ്രവർത്തിക്കുക. വിജയം തീർച്ച.

ഇന്ന് നാം കാണുന്ന അക്രമരാഷ്ട്രീയവും, ബന്ധുജന നിയമനവും, തൻകാര്യം നോക്കിയുള്ള പ്രവർത്തനവുമല്ല ജനം ആഗ്രഹിക്കുന്നത്. മറിച്ച് തങ്ങളുടെ ജനപ്രതിനിധി തങ്ങൾക്കുവേണ്ടി എന്തു ചെയ്തു എന്നത് വിലയിരുത്തിയാണ് വോട്ടു ചെയ്യുന്നത്. ഇങ്ങനെ ജനം വിലയിരുത്തി വിജയിപ്പിച്ച പുതിയ സാമാജികർ അടുത്ത അഞ്ചുവർഷം കഴിയുമ്പോൾ വീണ്ടും അവരെ അഭിമുഖീകരിക്കേണ്ടി വരും എന്ന ചിന്ത മനസ്സിൽ ആദ്യമേതന്നെ കോറിയിടേണ്ടതാണ്. കൂടുതൽ ആളുകളെ അടുത്തറിയണം. അവരെ സ്നേഹിക്കുകയും സേവിക്കുകയും ചെയ്യണം. മനുഷ്യരുമായി നല്ല ബന്ധങ്ങൾ

കെട്ടിപ്പടുക്കുന്നതുവഴിയാണ് ഒരു യഥാർത്ഥ സേവകനായി, ജനപ്രതിനിധിയായി തീരുന്നത്. അവരുടെ പ്രയാസങ്ങളിലും സന്തോഷങ്ങളിലും പങ്കു ചേരുക. സ്വന്തം തനിമയെ നിലനിറുത്തിക്കൊണ്ട്, സ്വന്തം തട്ടകത്തിൽ കാലുറപ്പിച്ചു നിന്നുകൊണ്ട് സമൂഹ നന്മയ്ക്കായി നിസ്വാർത്ഥമായി പ്രവർത്തിക്കുമ്പോൾ ആ വ്യക്തിയെ ജനം നേതാവായി അംഗീകരിക്കും.

മനുഷ്യനെ സ്നേഹ സേവാകർമ്മങ്ങളാൽ പ്രസാദിപ്പിക്കുന്നതുപോലെ മനുഷ്യസേവ വഴി ഈശ്വരനെ പ്രീതിപ്പെടുത്താം. "മറ്റുള്ളവർ നിന്നോട് എന്തു ചെയ്യുവാൻ നീ ആഗ്രഹിക്കുന്നുവോ, അതുപോലെ നീ അവർക്ക് ചെയ്യുക" എന്ന ക്രിസ്തുവചനം ഓർക്കുക. നാം ചെയ്യുന്നതിന്റെ പ്രതിഫലമാണ് നമുക്ക് തിരിച്ചു കിട്ടുക. എത്രയോ പ്രഗത്ഭന്മാർ ജനമനസ്സുകളിൽ നിന്ന് അകന്നുപോകുവാൻ ഇടയായി. എന്നാൽ മൺമറഞ്ഞവരും ജീവനോടിരിക്കുന്നവരും ജനമനസ്സുകളിൽ സ്ഥിരപ്രതിഷ്ഠ നേടിയത് അവരുടെ പ്രവർത്തനത്തിന്റെ ഫലമാണ്. ദൈവം നല്കിയ ദാനങ്ങളെ പറയ്ക്കു കീഴെ വച്ച വിളക്കുപോലെയല്ല, മറിച്ച് മലമുകളിൽ സ്ഥാപിച്ച വിളക്കുപോലെ ശോഭിപ്പിക്കുവാൻ അവർക്കു കഴിഞ്ഞത് അവയെ മറ്റുള്ളവർക്കു പ്രയോജനപ്പെടുത്തിയതിനാലാണ്.

വിജയിച്ചവർ തങ്ങളുടെ മാത്രം പ്രയത്നത്താൽ അതു സാധിച്ചു എന്ന് വിശ്വസിക്കരുത്. എത്രയോ സാധാരണക്കാരുടെ പ്രയത്നം (ഉദാ: പോസ്റ്റർ ഒട്ടിക്കൽ, വീടുവീടാന്തരം ഉള്ള ഇടപെടൽ, രോഗത്തെ വകവയ്ക്കാതെ വന്ന് വോട്ട് തന്നവർ, etc.) നിങ്ങളുടെ വിജയത്തിന് പിന്നിലുണ്ടെന്നുള്ള സത്യം നിങ്ങൾ വിസ്മരിക്കരുത്. അവരെ മറന്നുപോയാൽ അതു നീതികേടായിരിക്കും. സേവനം ചെയ്യാൻ കിട്ടുന്ന ഏത് അവസരവും പ്രയോജനപ്പെടുത്തണം. വെല്ലുവിളികളെ ധൈര്യപൂർവ്വം, പ്രസന്നമായ മുഖത്തോടെ, നിശ്ചയദാർഢ്യത്തോടെ, ആത്മവിശ്വാസത്തോടെ, ക്രിയാത്മകമായി അഭിമുഖീകരിക്കുവാൻ ജനപ്രതിനിധികൾക്ക് കഴിയണം.

നല്ല ലക്ഷ്യങ്ങൾ വേണം, അവ നടപ്പാക്കാൻ വേണ്ട ഇച്ഛാശക്തിയും വേണം. പക്ഷേ അത്യാഗ്രഹം പാടില്ല.

ഈ പുതിയ നിയമസഭാ സാമാജികരിൽ വലിയ ഭാഗം യുവജനങ്ങളാണ് എന്നത് പ്രതീക്ഷ നൽകുന്നു. പാർട്ടി വ്യത്യാസം ഇല്ലാതെ എല്ലവരെയും കരുതുന്ന 'വലിയ മനസ്സിന്റെ' ഉടമകളാകാൻ ശ്രമിക്കുക. മത രാഷ്ട്രീയ സങ്കുചിത താല്പര്യങ്ങൾക്ക് അതീതമായി ചിന്തിക്കുന്ന, പ്രവർത്തിക്കുന്ന ജനപ്രതിനിധികളെ ജനം ആദരിക്കും, ചുമലിലേറ്റും. സംതൃപ്തിയ്ക്കുള്ള ഏറ്റവും പ്രധാന മാർഗം കർത്തവ്യനിർവഹണം തന്നെ. പ്രസിദ്ധ നാടകകൃത്തായ സോഫോക്ലിസ് പറഞ്ഞു, "സ്വന്തം കർമ്മങ്ങൾ അനുഷ്ഠിക്കാത്ത മനുഷ്യനെ ദൈവത്തിനുപോലും സഹായിക്കാനാവില്ല." തന്നെ ഏല്പിച്ച ഉത്തരവാദിത്വം നീതിയുക്തമായി, സ്വാർത്ഥതയില്ലാതെ നിറവേറ്റുവാൻ ശ്രമിക്കുക. ജനം കൂടെ ഉണ്ടാകും.

യുവജനങ്ങളുടെ പ്രതീക്ഷ ഇവിടെ വലുതാണ്. ജോലിയും മറ്റു ജീവിത ഉപാധികളും ഇവരെ തേടി എത്തുന്ന ഒരു പുതിയ കാലത്തിനായി പ്രവർത്തിക്കുവാൻ പുതിയതായി തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾക്ക് കഴിയട്ടെ. ജനനന്മയെ ലാക്കാക്കി പ്രവർത്തിക്കുവാൻ അവർക്കു കഴിയട്ടെ. "സത്കർമ്മങ്ങൾ ചെയ്യുന്നവരുടെ ഹൃദയത്തിൽ ദൈവം കുടികൊള്ളുന്നു" എന്ന മുഹമ്മദ് നബിയുടെ വാക്യവും, "എന്നെ ആവശ്യമുള്ളവരുടെ അടുക്കലേക്ക് ഞാൻ പോകും" എന്ന ക്രിസ്തു വചനവും ഓർത്തിരിക്കുക. പുതിയ നിയമസഭയിലേക്ക് വന്ന സാമാജികരും പ്രവർത്തകരും ജനനന്മ ലക്ഷ്യമാക്കി പ്രവർത്തിക്കുവാൻ ജഗദീശ്വരൻ ഇടയാക്കട്ടെ എന്നാശംസിക്കുന്നു. ഒരു പുതിയ കേരളത്തിനായി നമുക്ക് കാത്തിരിക്കാം. ജനങ്ങളാണ് ജനാധിപത്യത്തിലെ ശക്തി എന്നത് മറക്കാതെ ഉത്തരവാദിത്വത്തോടെ കർമ്മോത്സുകരായി പ്രവർത്തിക്കുവാൻ പുതിയ ജനപ്രതിനിധികൾക്ക് കഴിയട്ടെ.

◎

പ്രവാചകന്മാർ - 10

പ്രൊഫ. മാത്യു കോശി

യിസ്രായേൽ മക്കളുടെ അനിഷേധ്യനായകൻ - മോശെ എന്ന പ്രവാചകൻ (തുടർച്ച)



മരുഭൂമിയിലെ യാത്ര- ആദ്യസംവത്സരം

സംഖ്യാ പുസ്തകം തുടങ്ങുന്നത് "രണ്ടാം സംവത്സരം രണ്ടാം മാസം ഒന്നാം തീയതി" എന്ന് സൂചിപ്പിച്ചു കൊണ്ടാണ്. യാത്രയുടെ ആരംഭത്തെക്കുറിച്ച് പുറപ്പാട് പുസ്തകം 12:2 -ൽ പറയുന്നുണ്ട്. പുറപ്പാട് പുസ്തകത്തിന്റെ രണ്ടാം പകുതിയിലും ലേവ്യ പുസ്തകത്തിലും ഉള്ള ആശയങ്ങളും ഉൾക്കൊള്ളിച്ചാണ് താഴെപ്പറയുന്ന ഭാഗം എഴുതുന്നത്.

പത്തുകല്പനകൾ - ഒന്നാം പ്രാവശ്യം

പുറപ്പാട് പുസ്തകം 20-ാം അദ്ധ്യായത്തിൽ പത്തു കല്പനകൾ കൊടുത്തിരിക്കുന്നത് മോശെക്ക് യഹോവ അരുളിച്ചെയ്ത പ്രകാരം ആണ്. അത് ദൈവം എഴുതിക്കൊടുത്തിരുന്നില്ല; പത്തു കല്പനകളും അതിന്റെ വ്യാപകമായ വ്യാഖ്യാനവും വാമൊഴിയായി മോശെ ജനത്തിന് നൽകി. വീണ്ടും തന്റെ അടുക്കൽ പർവ്വതത്തിൽ കയറിച്ചെല്ലുവാൻ യഹോവ മോശെയോട് അരുളിച്ചെയ്യുന്നു. മൂപ്പന്മാരെയും അഹരോനെയും ഹൂരിനെയും താഴ്‌വാരത്തിൽ ആക്കിയിട്ട് മോശെ പർവ്വതത്തിൽ കയറിച്ചെന്നു. ഈ സമയത്ത് മോശെയോട് ദൈവം എല്ലാ കാര്യങ്ങളും വളരെ വിശദമായി സംസാരിക്കുന്നു. ദൈവസംസർഗ്ഗത്തിൽ മോശെ നാല്പതു പകലും നാല്പതു രാവും ചെലവിട്ടു. ഈ ദിവസങ്ങളിൽ താൻ ആഹാരം കഴിക്കുകയോ വെള്ളം കുടിക്കുകയോ ചെയ്തില്ല (ആവ. 9:9).

വിശുദ്ധ മന്ദിരം, പെട്ടകം, യാഗപീഠം, സമാഗമനകൂടാരം ഇവ ഉണ്ടാക്കേണ്ട വിധം, അതിൽ ആവശ്യമുള്ള ഉപകരണങ്ങൾ, വസ്തുക്കൾ എന്നീ വിവരം എല്ലാം യഹോവ മോശെയെ പറഞ്ഞു മനസ്സിലാക്കുന്നു. ആരൊക്കെയാണ് പുരോഹിത ശുശ്രൂഷ ചെയ്യേണ്ടതെന്നും അവരെ എങ്ങനെ വിശുദ്ധീകരിക്കണം എന്നും യഹോവ പറഞ്ഞുകൊടുക്കുന്നു. അഹരോനും പുത്രന്മാരും ഈ ശുശ്രൂഷയ്ക്ക് അങ്ങനെ നിയമിതരായി.

നാല്പതു ദിവസം മോശെയെ കാണാതെ ജനം വിഷമത്തിലായി. അഹരോനോട് ജനം അതേപ്പറ്റി സംസാരിക്കുന്നു. ജനങ്ങളിൽനിന്ന് ശേഖരിച്ച സ്വർണ്ണം കൊണ്ട് അഹരോൻ ഒരു കാളക്കുട്ടിയെ വാർത്തുണ്ടാക്കി. മിസ്രയീമിൽനിന്ന് അവരെ വിടുവിച്ചത് ഈ കാളക്കുട്ടിയാണ് എന്ന് ജനം പ്രഖ്യാപിക്കുന്നു. ഒരു യാഗപീഠം ഉണ്ടാക്കി ഹോമയാഗങ്ങളും സമാധാനയാഗങ്ങളും അവർ കാളക്കുട്ടിക്ക് മുമ്പിൽ അർപ്പിച്ചു.

അപ്പോൾ യഹോവ കോപിച്ച് ജനത്തിന് അനർത്ഥം വരുത്തും എന്ന് പറയുന്നു. മോശെയോട് കോപത്തോടെ സംസാരിക്കുന്നു. മോശെ യഹോവയോടു ജനത്തിനുവേണ്ടി അപേക്ഷ കഴിച്ചു. തന്റെ ജനത്തിന് വരുത്തും എന്ന് മോശെയോട് കല്പിച്ച അനർത്ഥത്തെക്കുറിച്ച് യഹോവ അനുതപിച്ചു.

യഹോവ സ്വന്തകൈയാൽ ഉണ്ടാക്കിയതും സ്വന്ത വിരൽകൊണ്ട് രണ്ടുപുറവും എഴുതിയതുമായ രണ്ടു പലകകൾ കൈകളിൽ വഹിച്ചുകൊണ്ട് മോശെ പർവ്വതത്തിൽ നിന്ന് താഴെ ജനങ്ങളുടെ മദ്ധ്യത്തിലേക്ക് ഇറങ്ങിവരുന്നു. പാളയത്തിനടുത്ത് മോശെ എത്തിയപ്പോൾ ജനം കാളക്കുട്ടിയുടെ മുമ്പിൽ നൃത്തം ചെയ്യുന്ന കാഴ്ചയാണ് കാണുന്നത്. മോശെയുടെ കോപം ജ്വലിക്കുകയും യഹോവ തന്നേ ഏല്പിച്ച രണ്ടുപലകകളും പർവ്വതത്തിന്റെ അടിവാരത്തിൽ വച്ച് എറിഞ്ഞ് പൊട്ടിക്കുകയും ചെയ്യുന്നു. കാളക്കുട്ടിയെ മോശെ തീയിൽ ചുട്ട് പൊടിയാക്കി വെള്ളത്തിൽ വിതറി ജനത്തെ കുടിപ്പിക്കുന്നു. അഹരോൻ താൻ ചെയ്ത പ്രവൃത്തിയുടെ കാരണം മോശെയെ വിശദീകരിച്ചു കേൾപ്പിച്ചു. മോശെ പറഞ്ഞതനുസിച്ച് ലേവ്യർ ജനത്തിൽ മൂവായിരംപേരെ കൊന്നുകളഞ്ഞു. മോശെ

യഹോവയോട് ജനത്തിനുവേണ്ടി മദ്ധ്യസ്ഥത വഹിച്ച് പറയുന്നത് ഇപ്രകാരമാണ്: “എങ്കിലും നീ അവരുടെ പാപം ക്ഷമിക്കേണമേ; അല്ലെങ്കിൽ നീ എഴുതിയ നിന്റെ പുസ്തകത്തിൽ നിന്ന് എന്റെ പേർ മായിച്ചു കളയേണമേ” (പുറ. 32:32).

മോശെ പാളയത്തിന് പുറത്ത് കൂടാരം അടിച്ചു. മോശെ കൂടാരത്തിനകത്തു കടക്കുമ്പോൾ ജനം അവരവരുടെ കൂടാരത്തിന് പുറത്ത് മോശെയെ നോക്കിക്കൊണ്ട് നിൽക്കും. മേഘസ്തംഭം മോശെയുടെ കൂടാരവാതിൽക്കൽ നിൽക്കുന്നത് ജനം കണ്ടു. “ഒരുത്തൻ തന്റെ സ്നേഹിതനോട് സംസാരിക്കുന്നതുപോലെ യഹോവ മോശെയോട് സംസാരിച്ചു. പിന്നെ അവൻ പാളയത്തിലേക്ക് മടങ്ങിവന്നു; അവന്റെ ശുശ്രൂഷക്കാരനായ നൂന്റെ പുത്രനായ യോശുവ എന്ന ബാല്യക്കാരനോ കൂടാരത്തെ വിട്ടുപിരിയാതിരുന്നു” (പുറ. 33:11).

മോശെയുടെ ചോദ്യങ്ങളും യഹോവയുടെ മറുപടിയും

യിസ്രായേൽ മക്കളെ വീണ്ടും മുമ്പോട്ട് നയിക്കുവാൻ യഹോവ മോശെയോട് കല്പിക്കുന്നു. മോശെ അപ്പോൾ പറയുന്നത് തന്നോട് കൃപയുണ്ടെങ്കിൽ യഹോവയുടെ വഴി തന്നെ അറിയിക്കണമെന്നാണ്. അതിന്റെ ഉത്തരം ദൈവസാന്നിദ്ധ്യം മോശെയോടു കൂടെ ഉണ്ടായിരിക്കും എന്നായിരുന്നു. ദൈവസാന്നിദ്ധ്യം കൂടെ ഇല്ലെങ്കിൽ ജനത്തെ മുമ്പോട്ട് വിടരുതേ എന്ന് മോശെ അപേക്ഷിച്ചപ്പോൾ ദൈവം അതിന് സമ്മതിക്കുന്നു. വീണ്ടും മോശെ ദൈവത്തോട് ചോദിക്കുന്നത് ദൈവതേജസ്സ് തന്നേ കാണിക്കണം എന്നാണ്. എന്നാൽ യഹോവ മോശെയെ ഒരു പാറയുടെ പിളർപ്പിൽ ആക്കി അവനെ കടന്നുപോകുകയാണ്. മോശെക്ക് ദൈവമുഖത്തിന്റെ തേജസ്സ് കാണുവാൻ കഴിഞ്ഞില്ല.

കല്പനകൾ വീണ്ടും

രണ്ടു കൽപലകകൾ മോശെ ഉണ്ടാക്കി കൊടുക്കണമെന്നും അതിൽ കല്പനകൾ എഴുതിക്കൊടുക്കാമെന്നും യഹോവ പറഞ്ഞു. മോശെ രണ്ടു പലകകളുമായി സീനായി പർവ്വതത്തിൽ കയറി. യഹോവയോടു കൂടെ മോശെ വീണ്ടും നാല്പതു പകലും നാല്പതു രാവും താമസിച്ചു. മോശെ അവിടെ ഭക്ഷണം കഴിക്കാതെയും വെള്ളം കുടിക്കാതെയും ഇരുന്നു. യഹോവ പത്തു കല്പനകളായി നിയമത്തിന്റെ വചനങ്ങളെ പലകയിൽ എഴുതിക്കൊടുത്തു (പുറ. 34:28).

സാക്ഷ്യത്തിന്റെ രണ്ടു പലകകളും പിടിച്ചുകൊണ്ട് സീനായിൽനിന്ന് ഇറങ്ങി വന്നപ്പോൾ മോശെയുടെ ത്വക്ക് പ്രകാശിച്ചു എന്ന് മോശെ അറിഞ്ഞില്ല. ജനത്തോട് സംസാരിച്ചു കഴിഞ്ഞപ്പോൾ മോശെ മുഖത്ത് മൂടുപടം ഇട്ടു. യഹോവയുടെ സന്നിധിയിൽ ആയിരിക്കുമ്പോൾ മോശെ മുടൂപടം നീക്കിയിരിക്കും.

ലേവ്യപുസ്തകത്തിൽ യഹോവയെ ആരാധിക്കുന്ന വിധവും ആരാധനാസ്ഥലം ഉണ്ടാക്കുന്ന രീതിയും എല്ലാം വളരെ വിശദമായി മോശെ എഴുതിയിരിക്കുന്നു. മോശെയുടെ നിർദ്ദേശമനുസരിച്ച് പുരോഹിതനായ അഹരോന്റെ മകൻ ഈഥാമാർ കണക്കുകൂട്ടിയ പ്രകാരം തന്നെ എല്ലാം നിർമ്മിച്ചു. ജനം നൽകിയ ദാനം കൊണ്ടാണ് നിർമ്മാണം നടന്നത്. അനേക പ്രാവശ്യം രേഖപ്പെടുത്തിയിരിക്കുന്ന ഒരു വാചകം “യഹോവ തന്നോട് കല്പിച്ചതുപോലെ മോശെ ഇതൊക്കെയും ചെയ്തു” എന്നാണ്.

മോശെ ക്രമീകരിച്ച യാഗങ്ങളുടെ പേരുകൾ ദഹനയാഗം, ഭോജനയാഗം, പാപയാഗം, അകൃത്യയാഗം, കരപൂരണയാഗം, സമാധാനയാഗം എന്നിപ്രകാരമാണ്. യാഗവസ്തുക്കൾ എന്തായിരിക്കണം, അർപ്പണരീതി എങ്ങനെയായിരിക്കണം എന്നൊക്കെ വിശദമായി രേഖപ്പെടുത്തിയിട്ടുണ്ട്. അഹരോനും പുത്രന്മാരും ധരിക്കേണ്ട വസ്ത്രം, അഭിഷേകതൈലം കൊണ്ട് അവരെ ശുദ്ധീകരിക്കേണ്ട വിധം എന്നിവ ലേവ്യ 8:1-12 ഭാഗത്ത് കാണാം. യാഗവസ്തുക്കൾ ഏറ്റം ശ്രേഷ്ഠമായതും ഊനമില്ലാത്തതും ആയിരിക്കണം എന്നും പറഞ്ഞിരിക്കുന്നു.

അഹരോനും പുത്രന്മാരും മോശെ പറഞ്ഞതനുസരിച്ച് യിസ്രായേൽ മൂപ്പന്മാരുടെ സാന്നിദ്ധ്യത്തിൽ പാപയാഗവും, സമാധാനയാഗവും, ഭോജനയാഗവും, ഹോമയാഗവും ചിട്ടപ്രകാരം അർപ്പിച്ചശേഷം അഹരോൻ കൈ ഉയർത്തി ജനത്തെ ആശീർവദിക്കും. യഹോവയുടെ തേജസ്സ് ജനത്തിന് പ്രത്യക്ഷമായി.

(ശേഷം പേജ് 18-ൽ)

ഉദ്ബോധനം

അഡ്വ. വർഗീസ് പി. തോമസ്



മൃതദേഹ സംസ്കാരത്തിന് മാതൃകയാക്കാവുന്ന ഒരു മരണപത്രം

സമൂഹത്തിന് പ്രത്യേകിച്ച് ക്രൈസ്തവർക്ക് പൊതുവിൽ അനുകരിക്കുവാനും മാതൃകയാക്കുവാനും ഉതകുന്ന ഒരു വിൽപത്രം (മരണപത്രം) കാണുവാൻ ഇട വന്നു. അത് ഈ ലേഖനം എഴുതാൻ പ്രചോദനമായി. മരണപത്രം എഴുതിയ ആളിന്റെ സഭാവിശ്വാസത്തിന് ഭംഗം വരാതെ എങ്ങനെ മൃതദേഹം സംസ്കരിക്കണമെന്ന് ആഗ്രഹിക്കുകയും അക്കമിട്ട് നിർദ്ദേശിക്കുകയും ചെയ്തിരിക്കുന്നതു വളരെ കൗതുകമായി തോന്നി. വിൽപ്പത്രം എഴുതിയ ആൾ ക്രൈസ്തവനും കേരള ഹൈക്കോടതിയിലെ സീനിയർ അഭിഭാഷകനുമാണ്.

വിൽപ്പത്രം എന്ന വാക്ക് നമുക്കു സുപരിചിതമാണ്. മരണശേഷം തന്റെ സ്വത്തുക്കളെ സംബന്ധിച്ച് നിയമാനുസരണമായി നടപ്പിൽ വരുത്തണമെന്ന് ഒരാൾ ആഗ്രഹിക്കുന്ന, നിർദ്ദേശങ്ങളുടെ നിയമപരമായ രേഖയാണ് വിൽപ്പത്രം. ചിലർ ഇതിനെ മരണപത്രമെന്നും ഒസ്യത്ത് എന്നും പറയും. ഇതു നിയമപരമായി രജിസ്റ്റർ ചെയ്യണമെന്നില്ല. മരണശേഷം ആസ്തികൾ സ്വാഭാവികമായി ഭാര്യയ്ക്കും മക്കൾക്കും വന്നുചേരുമെന്നാണ് ഭൂരിപക്ഷം ആൾക്കാരും കരുതുന്നത്. പലരുടെയും ധാരണ ആസ്തികൾ എന്നാൽ സ്ഥാവരജംഗമ വസ്തുക്കൾ മാത്രമാണെന്നാണ്.

എന്നാൽ ഒരാളുടെ മൃതശരീരം അദ്ദേഹത്തിന്റെ ആസ്തിയായി കരുതി പങ്കാളിക്കും മക്കൾക്കും അവരുടെ ഇഷ്ടത്തിന് വിധേയമാക്കാമോ, വിനിയോഗിക്കാമോ എന്നതും ഒരു നിയമപ്രശ്നമാണ്.

അദ്ദേഹം എഴുതിയ വിൽപത്രം ആശങ്കയുള്ള ഒരാമുഖത്തോടെയാണ് തുടങ്ങുന്നത്. അത് ഇപ്രകാരമാണ്: *"ക്രൈസ്തവരുടെ ഇടയിൽ അടുത്ത കാലങ്ങളായി കാണുന്ന ഒരു പ്രവണതയാണ്, മതിയായ കാരണങ്ങൾ കൂടാതെ അഞ്ചും ആറും, ചിലപ്പോൾ ദിവസങ്ങളോളവും മൃതശരീരം മോർച്ചറിയിൽ സൂക്ഷിക്കുന്നത്. മോർച്ചറിയിൽ വെക്കുന്നത് ഇപ്പോൾ ഒരാചാരമായിത്തന്നെ മാറിയിരിക്കുന്നു. ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 21 അനുസരിച്ച് ഒരു ഇന്ത്യൻ പൗരന് വ്യക്തിപരമായി സ്വാതന്ത്ര്യത്തോടെ ജീവിതം നയിക്കുന്നതിനുള്ള അവകാശം ഉണ്ട്. മരണമടഞ്ഞ ഒരുവനു മാന്യമായും ഭംഗിയായും ഒരു ശവസംസ്കാരം ലഭിക്കുവാൻ അവകാശമുണ്ടെങ്കിലും, അകാരണമായി ദിവസങ്ങളോളം മോർച്ചറിയിൽ സൂക്ഷിക്കുന്നതു ഭരണഘടനാ ലംഘനമാണ്. അതു മൃതശരീരത്തോടു കാണിക്കുന്ന അനാദരവാണ്. മൃതശരീരം അഴുകുന്നതിനു മുമ്പ് ദഹിപ്പിക്കുകയോ അടക്കം ചെയ്യുകയോ വേണ്ടതാണ്. ദുഃഖാർത്തരായ കുടുംബാംഗങ്ങൾക്ക് എത്രയും പെട്ടെന്ന് സാധാരണ ജീവിതത്തിലേക്കു മടങ്ങുവാൻ നീണ്ട കാത്തിരിപ്പ് തടസ്സമാകരുത്.*

ഈ മുഖവുര എഴുതിയത് എന്റെ കാലശേഷം എന്റെ ജീവിതപങ്കാളിയായ പ്രിയഭാര്യയോ മക്കളോ കൊച്ചുമക്കളോ ജീവിച്ചിരുന്നാൽ താഴെ പറയുന്ന ആഗ്രഹങ്ങളും നിർദ്ദേശങ്ങളും ഉൾക്കൊണ്ട് മൃതശരീരം സംസ്കരിക്കേണ്ടതാണ് എന്നു സൂചിപ്പിക്കുവാനാണ്. എന്റെ മൃതശരീരം യാതൊരു കാരണവശാലും മോർച്ചറിയിൽ സൂക്ഷിക്കരുത്. മരണം സംഭവിച്ച ശേഷം കഴിയുന്നതും 24 മണിക്കൂറിനുള്ളിൽ സംസ്കാരം നടത്തേണ്ടതാണ്. സംസ്കാരത്തിന് അത്യാവശ്യം വേണ്ട ചിലവേ വരുത്താവൂ. അനാവശ്യ ചിലവ് ഒഴിവാക്കേണ്ടതാണ്. യാതൊരു കാരണവശാലും ധാരാളിത്തമോ ആർഭാടമോ വരുത്താതെ നോക്കണം. മൊബൈൽ മോർച്ചറി കഴിവതും ഒഴിവാക്കേണ്ടതാണ്. മരണാനന്തര ചടങ്ങിന്റെ ഭാഗമായി എന്റെ ഫോട്ടോകൾ ഒരു സ്ഥലത്തും പതിപ്പിക്കുകയോ, ബാഡ്ജായി ഉപയോഗിക്കുകയോ, കറുത്ത കൊടി പോസ്റ്റുകളിൽ കെട്ടിത്തൂക്കുകയോ ചെയ്യരുത്. മൃതശരീരം കിടത്താൻ ഉപയോഗിക്കുന്ന കോഫിൻ സോഫ്റ്റ് വുഡിൽ നിർമ്മി

ച്ചതും വിലകുറഞ്ഞതുമായിരിക്കണം. മൃതശരീരം വയ്ക്കുന്ന പേടകം തിളക്കമുള്ള വസ്തുക്കൾ കൊണ്ടോ നാശരഹിതമായ വസ്തുക്കൾ കൊണ്ടോ അലങ്കരിക്കരുത്. ഞാൻ സാധാരണയായി ഉപയോഗിക്കുന്ന കോട്ടൺ തുണിയിൽ ഉള്ള ഷർട്ടും മുണ്ടും എന്നെ ധരിപ്പിക്കണം. ശരീരത്തിൽ പുഷ്പമാല്യം വയ്ക്കുന്നതു നിരുത്സാഹപ്പെടുത്തണം. മൃതശരീരത്തിന്റെയോ കൂടിവരുന്നവരുടെയോ ദുഃഖാർത്തരായ കുടുംബാംഗങ്ങളുടെയോ മരണാനന്തര ശുശ്രൂഷകളുടെയോ ഫോട്ടോ എടുക്കുകയോ വീഡിയോ എടുക്കുകയോ പ്രദർശിപ്പിക്കുകയോ സംപ്രേഷണം നടത്തുകയോ ചെയ്യരുതെന്ന് ആഗ്രഹിക്കുന്നു; നിർദ്ദേശിക്കുന്നു. എന്റെ മൃതശരീരം ദഹിപ്പിക്കുന്നതിനു ഞാൻ എതിരല്ല. അന്ത്യ ഉപചാരങ്ങളുടെ ഭാഗമായി ഭവനത്തിലും എന്റെ സഭയിലെ ദേവാലയത്തിലും പ്രദർശനത്തിനു വയ്ക്കുന്നതിനും എതിരല്ല. എന്റെ ഇടവക പള്ളി എറണാകുളം പട്ടണത്തിന്റെ ഹൃദയഭാഗത്തു സ്ഥിതിചെയ്യുന്നതിനാൽ ആ ദേവാലയത്തിലേക്കു മൃതശരീരം ഭവനത്തിൽനിന്നും കൊണ്ടുപോകുമ്പോൾ പൊതുജനത്തിനുണ്ടാകാവുന്ന ബുദ്ധിമുട്ട് ഒഴിവാക്കാൻ, എന്റെ കല്ലറയുടെ സമീപം സ്ഥിതി ചെയ്യുന്ന എന്റെ സഭയിലെ മറ്റൊരു പള്ളിയിലേക്ക് കൊണ്ടു പോകേണ്ടതും അവരുടെ അനുവാദം വാങ്ങി പൊതുദർശനത്തിനു വയ്ക്കാവുന്നതുമാണ്. എന്റെ മൃതദേഹം ദഹനത്തിനു വിധേയമാക്കുകയാണെങ്കിൽ എന്റെ കല്ലറയിൽ ചാരം അടക്കം ചെയ്യേണ്ടതാണ്. ഏതെങ്കിലും ഒരു സഭാംഗത്തിന് അടക്കം ചെയ്യാൻ കല്ലറ ഇല്ലാതെ വന്നാൽ ആരുടെയെങ്കിലും അപേക്ഷയിൽ, അടിയന്തിരമായി പള്ളി അധികാരികളുടെ അനുവാദത്തോടെ ആ മൃതശരീരം എന്നെ അടക്കം ചെയ്ത കല്ലറയിൽ അടക്കാവുന്നതാണ്. അതിന് എന്റെ പങ്കാളിയുടെയോ മക്കളുടെയോ കൊച്ചുമക്കളുടെയോ അനുവാദം ആവശ്യമില്ല. എന്റെ കുറവുകളും ബലഹീനതകളും താഴ്ചകളും വീഴ്ചകളും അറിയാവുന്നവർ എന്നെപ്പറ്റി മുഖസ്തുതി പറയുവാൻ അനുവദിക്കരുത്. കഴിവതും അതിനുള്ള അവസരം ഒഴിവാക്കണം. ഈ ആഗ്രഹങ്ങളും നിർദ്ദേശങ്ങളും പാലിക്കുമെന്ന പ്രത്യാശയോടെ പേര്, ഒപ്പ്, സ്ഥലം, തീയതി എന്നിവ രേഖപ്പെടുത്തി നിർത്തുന്നു."

ഈ വിൽപത്രകർത്താവിന്റെ ഉദ്ദേശ്യശുദ്ധിയെ ശ്ലാഘിക്കുന്നു. ഒരു സ്വാഭാവിക മരണം ഉണ്ടായാൽ സഭയുടെ വിശ്വാസത്തിനു കോട്ടം വരാതെ ഭവനക്കാർക്കും ചാർച്ചക്കാർക്കും പൊതുജനത്തിനും ബുദ്ധിമുട്ട് ഉണ്ടാകാത്തവിധം തന്റെ മൃതശരീരം എങ്ങനെ സംസ്കരിക്കണമെന്ന ദീർഘവീക്ഷണത്തോടെ വിൽപത്രം ചമച്ചിരിക്കുന്നു. സമൂഹം ഇതൊരു മാതൃകയായി സ്വീകരിക്കുമെന്നു വിശ്വസിക്കട്ടെ. ◎

(പേജ് 16 തുടർച്ച)

യഹോവയുടെ സന്നിധിയിൽ നിന്ന് തീ ഇറങ്ങി ഹോമയാഗവും മേദസ്സും ദഹിപ്പിച്ചു. ഇതുകണ്ട് ജനമെല്ലാം ആർത്തു വിളിച്ച് സാഷ്ടാംഗം വീണു. അഹരോന്റെ പുത്രന്മാരായ നാദാബും അബീഹുവും മോശെ കല്പിക്കാതെ ധൂപവർഗ്ഗം തീയിൽ ഇട്ടതിനാൽ തീകൊണ്ട് കൊല്ലപ്പെട്ടു. അഹരോന് ശേഷിച്ച പുത്രന്മാരായ എലെയാസാരും ഈഥാമാറും അഹരോനോടൊപ്പം പുരോഹിത ശുശ്രൂഷ ചെയ്തു.

സമൂഹത്തിൽ പാലിക്കേണ്ട സദാചാരങ്ങൾ വളരെ വിശദമായി മോശെ എഴുതിയിട്ടുണ്ട്. ശരീരശുദ്ധി, ആഹാരക്രമം, ആരാധനയിലെ വിശുദ്ധി, പാപത്തിനുള്ള പ്രായശ്ചിത്തം, ആണ്ടിലൊരിക്കൽ മഹാപുരോഹിതൻ (അഹരോൻ) ചെയ്തു കൊടുക്കേണ്ട യാഗക്രമങ്ങൾ എല്ലാം മോശെയുടെ പുസ്തകങ്ങളിൽ കാണുവാൻ കഴിയും.

ഏറ്റവും ശ്രേഷ്ഠമായ ഒരു സാമൂഹ്യനീതിയും മോശെ ജനങ്ങൾക്ക് ബോധ്യമാക്കുന്നുണ്ട്. ആറു ദിവസം വേല ചെയ്തിട്ട് ഏഴാം ദിവസം ശബ്ബത്തായി യഹോവയെ ആരാധിക്കുവാൻ വേർതിരിക്കണമെന്ന് പത്തു കല്പനകളിൽ കൊടുത്തിട്ടുണ്ട്. ആറു വർഷം വേല ചെയ്യുന്ന നിലം, മുന്തിരിത്തോട്ടം ഇവ ഏഴാം വർഷം കൃഷി ചെയ്യാതെയിടണം. ഏഴു പ്രാവശ്യം ഏഴു വർഷം കണക്കാക്കി കഴിഞ്ഞാൽ 50-ാം വർഷം ശുദ്ധീകരിച്ച് വേർതിരിക്കണം. അത് **യോബേൽ സംവത്സരം** അല്ലെങ്കിൽ ജൂബിലി വർഷമായി ആചരിക്കണം. നിലമോ വസ്തുവകകളോ കടപ്പെടുത്തിയിട്ടുള്ളവർക്ക് 50-ാം വർഷം അവ തിരികെ കൊടുക്കേണം. ഇത് എല്ലാ യിസ്രായേല്യരും പാലിക്കേണ്ടതാണ്. ഈ നിയമം പാലിക്കപ്പെട്ടാൽ വസ്തുവകകൾ ഇല്ലാത്തവർ ഉണ്ടാവുകയില്ല. എത്ര നല്ല സാമൂഹ്യനീതി !! ◎

കഥാലോകം

ഡോ. ടി. ജോൺ ജോർജ്ജ്



നല്ല ശമര്യക്കാരൻ

കൊറോണ 'കത്തിനിൽക്കുന്ന' കാലം! മനുഷ്യൻ മനുഷ്യന് അസ്പർശ്യത കൽപ്പിക്കുന്ന സമയം. ഹസ്തദാനം ചെയ്യുന്നതു പോയിട്ട്, അടുത്തു വരുന്നതു പോയിട്ട്, പരസ്പരം നോക്കാൻ തന്നെ പേടിക്കുന്ന ദുരവസ്ഥ!!

ഡോ. തോമസ് ആശുപത്രിയിലേക്ക് പോകാനിറങ്ങി. അന്ന് കുറച്ചു താമസിച്ചുപോയി. അതുകൊണ്ട് സാമാന്യം നല്ല വേഗതയിലാണ് പൊയ്ക്കൊണ്ടിരുന്നത്. മുന്നിൽ ഒരാൾക്കൂട്ടം! പെട്ടെന്ന് വണ്ടി നിർത്തി. പുറത്തിറങ്ങി കാര്യം തിരക്കി. "സാറെ, വണ്ടി ഇടിച്ചിട്ട് നിർത്താതെ പോയതാണ്." ഡോക്ടർ ആളുകളെ വകഞ്ഞുമാറ്റി എത്തിനോക്കി. ഒരു യുവാവ് ചോരയിൽ കുളിച്ചു കിടക്കുന്നു. അനക്കമില്ല. ബോധമില്ലെന്ന് തോന്നുന്നു.

ആരും അയാളെ സഹായിക്കുന്നില്ല. പലരും അയാളുടെ ഫോട്ടോ എടുത്തുകൊണ്ട് നിൽക്കുന്നു. ചിലർ പത്രങ്ങളിലേക്ക് വാർത്തയും ഫോട്ടോയും അയയ്ക്കുന്നു! മറ്റു ചിലർ പത്രങ്ങളെ വെല്ലുന്ന വിധത്തിൽ, അപകടത്തിന്റെ 'സാധ്യതാരേഖാചിത്രം' തയ്യാറാക്കുന്നു!! കഷ്ടം, കഷ്ടം! ആരും അയാളെ സഹായിക്കുന്നില്ല.

ഡോക്ടറുടെ ധാർമ്മികരോഷം ഉണർന്നു. അസാമാന്യമായ ധൈര്യവും ശക്തിയും നുരഞ്ഞു പൊങ്ങി. അയാളെ വാരിയെടുക്കാൻ സാമാന്യ മനസ്സ് വെമ്പി. പക്ഷേ, പ്രൊഫഷനൽ മനസ്സ് വിലക്കി, "വേണ്ട, വേണ്ട." ചോര ഒഴുകുകയാണ്. ഹെപ്പറ്റൈറ്റിസ് ബി, എയ്ഡ്സ്... എന്തു വേണമെങ്കിലും പിടിക്കാം. പോരാത്തതിന് 'കോവിഡ് ഭൂതവും'!! രണ്ടു മനസ്സുകളും തമ്മിൽ വടംവലിയായി! ഒടുവിൽ സാമാന്യമനസ്സ് ജയിച്ചു. കോവിഡെങ്കിൽ കോവിഡ്!! എന്തും വന്നോട്ടെ!!

ഡോക്ടർ രോഗിയെ വാരിയെടുത്ത് ആശുപത്രിയിലെത്തിച്ചു.

